2023
MAY
05
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN WAYANADAN PRODUCTS
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621




## ഗോ ഫസ്റ്റ് പാപ്പർ അപേക്ഷ നൽകി; വിമാനങ്ങൾ റദ്ദാക്കി

**ന്യൂഡൽഹി:** വിമാനക്കമ്പനിയായ ഗോ ഫസ്റ്റ് സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് പാപ്പരായി പ്രഖ്യാപിക്കുന്നതിനു ദേശീയ കമ്പനി നിയമ ട്രൈബ്യൂണലിനെ സമീപിച്ചു. ഇന്നും നാളെയുമുള്ള വിമാന സർവീസുകൾ പൂർണമായി റദ്ദാക്കിയെന്ന് കമ്പനി അറിയിച്ചതിനു പിന്നാലെയാണു നടപടി. വിമാനങ്ങൾ റദ്ദാക്കിയതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് വ്യോമയാന ഡയറക്ടറേറ്റ് ജനറൽ (ഡിജിസിഎ) കമ്പനിക്കു നോട്ടിസ് നൽകി.

യുഎസ് കമ്പനിയായ പ്രാറ്റ് ആൻഡ് വിറ്റ്നി നിർമിച്ച എൻജിനുകളിലെ തകരാർ മൂലം തങ്ങളുടെ 25 വിമാനങ്ങൾ പറത്താൻ കഴിയാത്തതാണ് സാമ്പത്തിക പ്രതിസന്ധിക്കു വഴിവച്ചതെന്നാണു കമ്പനിയുടെ വാദം. എൻജിൻ തകരാർ അടിയന്തരമായി പരിഹരിച്ചാൽ ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളോടെ മുഴുവൻ വിമാനങ്ങളുടെയും സർവീസ് പുനഃരാരംഭിക്കാനാകുമെന്നു കമ്പനി വ്യക്തമാക്കി. എൻജിൻ തകരാർ മൂലമുള്ള പ്രതിസന്ധി ഗോ ഫസ്റ്റിനെ സാമ്പത്തികമായി ബാധിച്ചത് നിർഭാഗ്യകരമാണെന്നും ട്രൈബ്യൂണലിലെ നിയമ നടപടികൾ പൂർത്തിയാകുന്നതു വരെ കാത്തിരിക്കേണ്ടതുണ്ടെന്നും കേന്ദ്ര മന്ത്രിജ്യോതിരാദിത്യ സിന്ധ്യ പറഞ്ഞു.

## വീണ്ടും 45000 കടന്ന് സ്വർണവില

**കൊച്ചി:** ഫസ്റ്റ് റിപ്പബ്ലിക് ബാങ്കിന്റെ തകർച്ചയോടെ അമേരിക്കൻ വിപണിയിലുണ്ടായ സമ്മർദം സ്വർണവില വീണ്ടും കൂട്ടി. രാജ്യാന്തര വിപണിയിൽ ട്രോയ് ഔൺസിന് (31.1 ഗ്രാം) 2020 ഡോളറിലേക്ക് വില കുതിച്ചതോടെ സംസ്ഥാനത്ത് പവന് 45000 രൂപ കടന്നു. ഇന്നലെ ഗ്രാമിന് 80 രൂപയും പവന് 640 രൂപയുമാണ് കൂടിയത്.

ഒരു പവന്റെ വില 45200 രൂപയാണ്. ഫസ്റ്റ് റിപ്പബ്ലിക്കിനെ ഏറ്റെടുക്കാനുള്ള ശ്രമങ്ങൾ ജെപി മോർഗൻ നടത്തുന്നുണ്ടെങ്കിലും അടിക്കടി ബാങ്കിങ് മേഖലയിലുണ്ടാകുന്ന പ്രതിസന്ധിയാണു വൻകിട നിക്ഷേപകരെ വീണ്ടും സ്വർണത്തിലേക്ക് ആകർഷിച്ചത്. കഴിഞ്ഞ ദിവസം മാത്രം 40 ഡോളറാണ് ഉയർന്നത്. ഫെഡറൽ റിസർവിന്റെ പണനയങ്ങളാകും ഇനി വിലയെ സ്വാധീനിക്കുക.

# ജിഎസ്ടി വരുമാനം 1.87 ലക്ഷം കോടി രൂപ

**ന്യൂഡൽഹി:** ജിഎസ്ടി ആരംഭിച്ച ശേഷമുള്ള ഏറ്റവും വലിയ റെക്കോർഡ് വരുമാനം ഏപ്രിലിൽ. 1.87 ലക്ഷം കോടി രൂപയാണ് രാജ്യത്ത് വരുമാനമായി ലഭിച്ചത്. 2022 ഏപ്രിലിലെ 1.68 ലക്ഷം കോടി രൂപയെന്ന റെക്കോർഡാണ് മറികടന്നത്. കേന്ദ്രത്തിന് അർഹതപ്പെട്ട ജിഎസ്ടി (സിജിഎസ്ടി) 38,440 കോടി, സംസ്ഥാനത്തിനുള്ള ജിഎസ്ടി(എസ്ജിഎസ്ടി)47,412 കോടി, ഒന്നിലേറെ സംസ്ഥാനങ്ങളിലായി നടക്കുന്ന ഇടപാടുകൾക്കുള്ള ഇന്റഗ്രേറ്റഡ് ജിഎസ്ടി (ഐജിഎസ്ടി)89,158 കോടി, സെസ്12,025 കോടി എന്നിങ്ങനെയാണ് വരുമാനം.




2022 ഏപ്രിലിനെ അപേക്ഷിച്ച് 12 ശതമാനത്തിന്റെ വർധനയാണുള്ളത്. ജിഎസ്ടി വരുമാനം 1.75 ലക്ഷം കോടിയെന്ന നാഴികക്കല്ല് പിന്നിടുന്നതും ആദ്യമാണ്. പ്രതിദിന വരുമാനത്തിലും ഏപ്രിലിൽ മറ്റൊരു റെക്കോർഡ് പിറന്നു. ജിഎസ്ടി ആരംഭിച്ച ശേഷമുള്ള ഏറ്റവും ഉയർന്ന പ്രതിദിന വരുമാനം ലഭിച്ചത് ഏപ്രിൽ 20നാണ്; 68,228 കോടി രൂപ.

കേരളത്തിന്റെ ജിഎസ്ടി വരുമാനം ഏപ്രിലിൽ 3,010 കോടി രൂപയാണ്. കഴിഞ്ഞ വർഷം ഇതേ സമയത്ത് 2,689 കോടിയും. വളർച്ച 12%.

## ജിഎസ്ടി: ചെറുകിടക്കാർക്കും ദിവസം 50 രൂപ പിഴ

**കൊച്ചി:** കഴിഞ്ഞ മാർച്ച് 31 വരെയുള്ള വിൽപനയുടെ ജിഎസ്ടി വാർഷിക റിട്ടേൺ ഏപ്രിലിൽ സമർപ്പിക്കാൻ കഴിയാത്ത ചെറുകിടക്കാർക്ക് ദിവസം 50 രൂപ വീതം പിഴ ഈടാക്കിത്തുടങ്ങി. ദിവസപ്പിഴയിൽ 25 വീതം കേന്ദ്രത്തിനും സംസ്ഥാനത്തിനുമാണ് (സിജിഎസ്ടിയും എസ്ജിഎസ്ടിയും) അടയ്ക്കേണ്ടത്.വർഷം 1.5 കോടി രൂപയിൽ താഴെ (മാസം ശരാശരി 13 ലക്ഷത്തിൽ താഴെ) വിറ്റുവരവുള്ള ചെറുകിടക്കാർക്ക് നികുതി കോംപൗണ്ട് ചെയ്താൽ മതി. വിറ്റുവരവിന്റെ 1% അവർ സ്വന്തം കയ്യിൽ നിന്നു കൊടുക്കണം. അവർക്ക് ഇൻപുട് ടാക്സ് ക്രെഡിറ്റ് കിട്ടുകയുമില്ല.

പലവ്യഞ്ജനം ഉൾപ്പെടെ നാട്ടിലെ ഭൂരിപക്ഷം ചെറിയ കടക്കാരെല്ലാം ഈ വിഭാഗത്തിൽപ്പെടുന്നവയാണ്. എന്നാൽ ഇവർക്ക് മറ്റു മൊത്ത വ്യാപാരികളിൽ നിന്നു സാധനം വാങ്ങുന്നതിന് ജിഎസ്ടി റജിസ്ട്രേഷൻ എടുക്കേണ്ടതുമുണ്ട്.ജിഎസ്ടി നമ്പർ ഇല്ലാതെ സാധനങ്ങൾ ലഭിക്കില്ല. കോംപൗണ്ട് ചെയ്യുന്ന 1% തുക 3 മാസം കൂടുമ്പോഴാണ് സാധാരണ അടയ്ക്കുക. ജനുവരി മുതൽ മാർച്ച് വരെയുള്ള വിൽപനയുടെ കോംപൗണ്ടിങ് തുക ഏപ്രിലിൽ അടയ്ക്കുന്നു. പക്ഷേ വാർഷിക റിട്ടേണും (ജിഎസ്ടിആർ 4) ഏപ്രിൽ 30നകം ഫയൽ ചെയ്യണം.

2022,2023ലെ റിട്ടേണിന് മേയ് 1 മുതൽ പിഴ നൽകേണ്ട സ്ഥിതിയാണ്. അതേ സമയം 2021, 22ലെ റിട്ടേൺ ഇനിയും നൽകാത്തവർക്ക് ജൂൺ 30നകം അടയ്ക്കുകയാണെങ്കിൽ പരമാവധി 2000 രൂപ മാത്രമാണു പിഴ.2 കോടിയിൽ താഴെ വിറ്റുവരവുള്ളവർക്ക് വാർഷിക റിട്ടേൺ നൽകേണ്ട എന്ന ആനുകൂല്യം കോംപൗണ്ട് ചെയ്തവർക്ക് ഇല്ലാതാക്കിയാണ് പിഴ അടപ്പിച്ചത്.

## അറ്റാദായത്തിൽ വളർച്ചയുമായി എംആർഎഫ്

**ചെന്നൈ:** പ്രമുഖ ടയർ നിർമാതാക്കളായ എംആർഎഫ്, മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷം അറ്റാദായത്തിലും കയറ്റുമതിയിലും മികച്ച വളർച്ച രേഖപ്പെടുത്തി.

23261.17 കോടി രൂപയാണു വരുമാനം. മുൻവർഷം ഇത് 19633.71 കോടി രൂപയായിരുന്നു. കഴിഞ്ഞ വർഷം 907.93 കോടിയായിരുന്ന നികുതിക്കു മുൻപുള്ള വരുമാനം ഇക്കൊല്ലം 1069.74 കോടി രൂപയായി വർധിച്ചു. 768.96 കോടിയാണു നികുതിക്കു ശേഷമുള്ള ലാഭം.

10 രൂപ മുഖവിലയുള്ള ഓരോ ഓഹരിക്കും 169 രൂപ വീതം ലാഭവിഹിതം നൽകാൻ ബോർഡ് യോഗം തീരുമാനിച്ചു. ഇതിനകം 2 തവണ 3 രൂപ വീതം ഇടക്കാല ലാഭവിഹിതം നൽകിയിരുന്നു.



## വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പൊതുതെളിവെടുപ്പ്

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സംസ്ഥാന വൈദ്യുതി ബോർഡ് വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇത് (ഒ.പി. 18/2023) കമ്മീഷന്റെ വെബ്സൈറ്റിൽ ലഭിക്കും. ഇതു സംബന്ധിച്ച് പൊതുജനങ്ങളുടെ സൗകര്യാർത്ഥം നേരിട്ടുള്ള പൊതുതെളിവെടുപ്പ് കമ്മീഷൻ നടത്തുന്നു. മേയ് എട്ടിന് കോഴിക്കോട് നളന്ദ ഓഡിറ്റോറിയം, ഒമ്പതിന് പാലക്കാട് ജില്ലാ പഞ്ചായത്ത് ഹാൾ, 10ന് എറണാകുളം കൊച്ചിൻ മുൻസിപ്പൽ കോർപ്പറേഷൻ നോർത്ത് ടൗൺ ഹാൾ, 15ന് തിരുവനന്തപുരം വെള്ളയമ്പലം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനിയേഴ്സ് ഹാൾ എന്നിവിടങ്ങളിലാണ് തെളിവെടുപ്പ്. രാവിലെ 11ന് ആരംഭിക്കും.

ഇതു കൂടാതെ വൈദ്യുതി ഉപഭോക്താക്കൾ അവരുടെ വൈദ്യുതി ആവശ്യകത മുഴുവനായും കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിന്ന് പാരമ്പര്യേതര ഊർജ്ജ (ഗ്രീൻ എനർജി) സ്രോതസുകൾ വഴി വൈദ്യുതി ഉപയോഗിക്കുന്നതിന് താത്പര്യം പ്രകടിപ്പിക്കുകയും ഇതിനുള്ള നിരക്കുകൾ (ഗ്രീൻ താരിഫ്) കൂടി നിശ്ചയിക്കണമെന്ന് കമ്മീഷനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് ഏപ്രിൽ 28ന് പാരമ്പര്യേതര ഊർജ്ജ സ്രോതസുകളിൽ നിന്ന് വൈദ്യുതി ഉപയോഗിക്കുന്നതിനുള്ള താരിഫിന്റെ നിർദേശങ്ങൾ കമ്മീഷൻ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.

# സമുദ്രജല മത്സ്യക്കൃഷിക്ക് നിർമിത ബുദ്ധി ഉപയോഗിക്കും: മുഖ്യമന്ത്രി



**കൊല്ലം:** നിർമിത ബുദ്ധിയുടെ സഹായത്തോടെ സമുദ്രജല മത്സ്യക്കുടുകളിൽ വിപണി മൂല്യം കൂടിയ മത്സ്യം കൃഷി ചെയ്യുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. മത്സ്യക്കൃഷിയിൽ മുന്നിൽ നിൽക്കുന്ന നോർവേയുടെ സഹായത്തോടെ ഇതു നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. നോർവേയിലെ ചില സ്ഥാപനങ്ങളുമായി പരസ്പര സഹായത്തോടെയുള്ള പദ്ധതികൾ യാഥാർഥ്യമാക്കും. പ്രധാനമന്ത്രി മത്സ്യയോജന പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ വിതരണോദ്ഘാടനം നിർവഹിക്കുകയായിരുന്നു.

മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനുള്ള സമുദ്രജല കൂടുകൃഷി പല വിദേശ രാജ്യങ്ങളിലും നടപ്പാക്കി വരുന്നുണ്ട്. ഇവിടെ ഇതിനു വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. കേരളത്തിലും സമുദ്രജല കൂടു കൃഷി കാര്യക്ഷമമാക്കുന്നതിനുള്ള നടപടി ഉണ്ടാകും. മത്സ്യത്തൊഴിലാളികളുടെ ആശങ്ക പരിഹരിച്ചു കൊണ്ടായിരിക്കും ഇതു നടപ്പാക്കുന്നത്. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ സർക്കാർ സവിശേഷ ശ്രദ്ധ പുലർത്തുന്നുണ്ട്. പരമ്പരാഗതമായി ഉപയോഗിക്കുന്ന യാനങ്ങൾക്ക് പകരം ഫൈബർ റീ എൻഫോഴ്സ്ഡ് യാനങ്ങൾ നൽകുകയാണ്. 400 യാനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

മത്സ്യബന്ധന യാനങ്ങളിലെ സംഭരണ ശേഷി വർധിപ്പിച്ചും പുതിയ സാങ്കേതിക വിദ്യ നടപ്പാക്കിയും ഇൻസുലേറ്റഡ് ബോക്സുകൾ നൽകിയും മത്സ്യത്തിന്റെ ഗുണനിലവാരം ഉയർത്തുന്ന പദ്ധതി ഈ വർഷം മുതൽ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ബോട്ടുകളുടെ ഫ്ലാഗ് ഓഫ് മുഖ്യമന്ത്രിയും കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രുപാലയും ചേർന്നു നിർവഹിച്ചു. മന്ത്രി കെ.എൻ.ബാലഗോപാൽ അധ്യക്ഷത വഹിച്ചു. മന്ത്രിമാരായ സജി. ചെറിയാൻ ജെ.ചിഞ്ചുറാണി, എൻ.കെ.പ്രേമചന്ദ്രൻ എംപി,, സുജിത്ത് വിജയൻപിള്ള എംഎൽഎ, മേയർ പ്രസന്ന ഏണസ്റ്റ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ.ഗോപൻ, കേരള ഫിനാൻഷ്യൽ കോർപറേഷൻ സഞ്ജയ് എം. കൗൾ, മത്സ്യഫെഡ് ചെയർമാൻ ടി.മനോഹരൻ എന്നിവർ പ്രസംഗിച്ചു.

# ഭക്തിസാന്ദ്രമായി തിരുവാഭരണ ഘോഷയാത്ര; പാവക്കുളത്ത് ഇന്ന് പൊങ്കാല സമർപ്പണം



പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിലെ പൗർണ്ണമി പൊങ്കാല മഹോൽസവത്തിനോടനുബന്ധിച്ച് പേരണ്ടൂർ ദേവി ക്ഷേത്രത്തിൽ നിന്നും പാവക്കുളം ക്ഷേത്രത്തിലേക്ക് നടന്ന തിരുവാഭരണ ഘോഷയാത്ര

**കൊച്ചി:** എറണാകുളം പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിലെ പൗർണ്ണമി പൊങ്കാല മഹോൽസവത്തിനോടനുബന്ധിച്ച് നടന്ന തിരുവാഭരണ ഘോഷയാത്ര ഭക്തി സാന്ദ്രമായി.

പേരണ്ടൂർ ദേവി ക്ഷേത്രത്തിൽ നിന്നും വാദ്യമേളങ്ങളുടെ അകമ്പടിയോടെ പ്രത്യേകം അലങ്കരിച്ച രഥത്തിലാണ് പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിലേക്ക് തിരുവാഭരണം എഴുന്നള്ളിച്ചത്. ശിവന്റെയും പാർവ്വതിയുടെയും വേഷം ധരിച്ചവരും പൂക്കാവടി,വട്ടക്കാവടി,ശിങ്കാരിമേളം എന്നിവയും ഘോഷയാത്രയ്ക്ക് മാറ്റുകൂട്ടി.

തുടർന്ന് മഹാദീപാരാധനയും എറണാകുളം,ധരണി സ്കൂൾ ഓഫ് പെർഫോമിംങ് ആർടസിന്റെ ഭജൻസന്ധ്യയും ഏലൂർ ബിജുവിന്റെ സോപാന സംഗീതവും നടന്നു. ഉൽസവസത്തിന്റെ സമാപന ദിവസമായ ഇന്ന് (05.05.2023) രാവിലെ 10 മുതൽ പൊങ്കാല സമർപ്പണം ആരംഭിക്കും. കൊച്ചി സിറ്റി പോലിസ് കമ്മീഷണർ കെ.സേതുരാമൻ,ഭാര്യ ഡോ.ഷീന സേതുരാമൻ,പാവക്കുളം ക്ഷേത്രം മേൽശാന്തി ഏഴിക്കോട് കൃഷ്ണദാസ് തിരുമേനി,ഭാര്യ ലയ അന്തർജ്ജനം എന്നിവർ ചേർന്ന് പൊങ്കാല സമർപ്പണം നിർവ്വഹിക്കും.

പൊങ്കാല സമർപ്പണത്തിനുള്ള കലം,അരി,ശർക്കര അടക്കമുള്ള സാധന സാമഗ്രികൾ ഉൾപ്പെടെയുള്ള കിറ്റ് ക്ഷേത്രത്തിൽ നിന്നും രാവിലെ മുതൽ ഭക്തർക്ക് വിതരണം ചെയ്യും. രാവിലെ 11.30 ന് കെ.പി ശശികല ടീച്ചറിന്റെ പ്രഭാഷണം ഉണ്ടാകും. ഉച്ചയ്ക്ക് ഒരു മണിക്ക് നടക്കുന്ന അന്നദാനത്തോടെ എട്ടു നാൾ നീണ്ടു നിന്ന ഉൽസവത്തിന് സമാപനം കുറിയ്ക്കും.

## സംസ്ഥാന പട്ടയമേള മെയ് 14ന് തൃശൂരിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

**തൃശൂർ:** സംസ്ഥാന സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന മുദ്രാവാക്യം ഉയർത്തി റവന്യൂ വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാനതല പട്ടയ വിതരണത്തിന്റെ ഉദ്ഘാടനം തൃശൂർ തേക്കിൻകാട് മൈതാനിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ മെയ് 14ന് ഞായറാഴ്ച രാവിലെ 11ന് നിർവഹിക്കും.

തൃശ്ശൂർ ജില്ലയിലെ പുറമ്പോക്ക് പട്ടയങ്ങൾ, സുനാമി പട്ടയങ്ങൾ, വനഭൂമി പട്ടയങ്ങൾ, കോളനി പട്ടയങ്ങൾ, ലാൻഡ് ട്രിബ്യൂണൽ പട്ടയങ്ങൾ തുടങ്ങി പതിനായിരത്തിലേറെ പട്ടയങ്ങൾ മേള വഴി വിതരണം ചെയ്യും.

ചടങ്ങിൽ റവന്യു ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ രാജൻ അദ്ധ്യക്ഷത വഹിക്കും. പട്ടികജാതി പട്ടികവർഗ്ഗ ദേവസ്വം വകുപ്പ് മന്ത്രി കെ രാധാകൃഷ്ണൻ, ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ആർ ബിന്ദു എന്നിവർ മുഖ്യാതിഥികളാകും.

## നെയ്യാറ്റിൻകര താലൂക്ക്തല അദാലത്ത്: 975 അപേക്ഷകൾ തീർപ്പാക്കി

**നെയ്യാറ്റിൻകര:** നെയ്യാറ്റിൻകര താലൂക്ക് അദാലത്ത്. 975 അപേക്ഷകളാണ് അദാലത്തിൽ തീർപ്പാക്കിയത്. ഓൺലൈൻ ആയി 2401 അപേക്ഷകളാണ് ആകെ ലഭിച്ചത്. സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോട് അനുബന്ധിച്ച് സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള പരാതികൾ പരിഹരിക്കുന്നതിന് കരുതലും കൈത്താങ്ങും എന്ന പേരിൽ ആരംഭിച്ച താലൂക്ക് തല അദാലത്തിൽ നെയ്യാറ്റിൻകര താലൂക്കിൽ ഇന്ന് മാത്രം ലഭിച്ചത് 773 അപേക്ഷകളാണ്. ഈ അപേക്ഷകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുകയും 15 ദിവസത്തിനകം തീർപ്പാക്കാൻ മന്ത്രിമാർ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുകയും ചെയ്തു.

26 വിഷയങ്ങളാണ് അദാലത്തിനായി പരിഗണിച്ചിരുന്നത്. അദാലത്തിന്റെ പരിഗണനാ വിഷയങ്ങളിൽ ഉൾപ്പെടാത്ത 720 അപേക്ഷകളും നിരസിച്ച 706 അപേക്ഷകളും ഉൾപ്പെടുന്നു.




എറണാകുളം കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിയിൽ നടക്കുന്ന കോളോ റെക്റ്റൽ ക്യാൻസർ ആന്റ് പൈൽസ് സൗജന്യ സ്ക്രീനിങ് ക്യാമ്പിന്റെ ഉദ്ഘാടനം ടി.ജെ വിനോദ് എം.എൽ.എ നിർവ്വഹിക്കുന്നു. ഡോ.ജോജോ.വി ജോസഫ്, ഇന്ദിരാബായി പ്രസാദ്,അജയ് തറയിൽ,എം.ഒ ജോൺ,അഗസ്റ്റസ് സിറിൾ,ഡോ. സച്ചിദാനന്ദ കമ്മത്ത് തുടങ്ങിയവർ മുൻനിരയിൽ

# ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ സൗജന്യ കോളോ റെക്റ്റൽ ക്യാൻസർ പരിശോധന ക്യാമ്പ് ഉദ്ഘാടനം ചെയ്തു

**കൊച്ചി :** എറണാകുളം കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിയിൽ കോളോ റെക്റ്റൽ ക്യാൻസർ (വൻകുടൽ മലാശയ ക്യാൻസർ ആന്റ് പൈൽസ് സൗജന്യ സ്ക്രീനിങ് ക്യാമ്പ് തുടങ്ങി.

ടി.ജെ വിനോദ് എം.എൽ.എ ക്യാംപിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി പ്രസിഡന്റ് എം.ഒ ജോൺ അധ്യക്ഷത വഹിച്ചു. ചീഫ് ഓങ്കോളജി സർജൻ ഡോ.ജോജോ.വി ജോസഫ് മുഖ്യപ്രഭാഷണം നടത്തി.

95ശതമാനം വൻകുടൽമലാശയ കാൻസറിനും കാരണം മനുഷ്യരുടെ തെറ്റായ ജീവിത ശൈലിയാണെന്ന് ഡോ.ജോജോ വി.ജോസഫ് പറഞ്ഞു. ശുദ്ധീകരിച്ച കാർബോ ഹൈഡ്രേറ്റുകൾ അടങ്ങിയ ഭക്ഷണം സ്ഥിരമായി കഴിക്കുന്നതും അമിത അളവിൽ റെഡ്മീറ്റ് കഴിക്കുന്നതും വൻകുടൽ മലാശയ കാൻസർ സാധ്യത വർധിപ്പിക്കും. ഒപ്പം അമിത മദ്യപാനവും പുകവലിയും മറ്റൊരു കാരണമാണ്. തുടക്കത്തിൽ തന്നെ രോഗം കണ്ടെത്തിയാൽ പൂർണ്ണമായും ചികിൽസിച്ചു ഭേദമാക്കാൻ കഴിയുന്നതാണ് വൻകുടൽമലയാശ കാൻസർ.

പ്രായം കൂടുന്തോറും ഗുരുതരാവസ്ഥയും കൂടും. 40വയസിനുമുകളിലുള്ളവർ വർഷത്തിൽ ഒരിക്കലെങ്കിലും ക്യാൻസർ പരിശോധന നടത്തണമെന്നും അദ്ദേഹം പറഞ്ഞു.

ആശുപത്രി സെക്രട്ടറി അജയ് തറയിൽ, ഡയറക്ടർമാരായ അഗസ്റ്റസ് സിറിൾ, പി വി അഷ്റഫ്, ഇക്ബാൽ വലിയ വീട്ടിൽ, എൻ.എ അബ്രാഹം (റോയി), ഇന്ദിരാബായി പ്രസാദ്, പി.ഡി അശോകൻ തുടങ്ങിയവർ സംസാരിച്ചു. രാവിലെ ഒമ്പത് മുതൽ വൈകുന്നേരം നാലു വരെയാണ് ക്യാമ്പിന്റെ സമയം. ഏഴാം തിയതി ഞായർ ഒഴികെ പത്താംതിയതി ബുധനാഴ്ച്ചവരെ ക്യാമ്പ് ഉണ്ടാകുമെന്ന് ആശുപത്രി സെക്രട്ടറി അജയ് തറയിൽ അറിയിച്ചു.

# 6000 ഹെക്ടർ ഭൂമിയുടെ ഡിജിറ്റൽ സർവേ പൂർത്തിയായി; ഇടുക്കി മുന്നിൽ

**രാജകുമാരി :** ഡിജിറ്റൽ ഭൂമി സർവേ നടപടികളിൽ മിടുക്കിയായി ഇടുക്കി ജില്ല. 13 വില്ലേജുകളിലായി 6000 ഹെക്ടർ ഭൂമിയുടെ ഡിജിറ്റൽ സർവേയാണ് ഇതുവരെ പൂർത്തിയായത്. സംസ്ഥാനത്ത് തന്നെ കൂടുതൽ ഭൂമിയുടെ ഡിജിറ്റൽ സർവേ നടത്തിയത് ഇടുക്കിയിലാണ്. നവംബർ ഒന്നിനാണ് സംസ്ഥാനത്ത് ഡിജിറ്റൽ സർവേക്ക് തുടക്കമായത്. ജില്ലയിൽ ആദ്യഘട്ടത്തിൽ 13 വില്ലേജുകളിൽ സർവേ പൂർത്തിയാക്കാനായിരുന്നു നിർദേശം.

ഇതിൽ ഇരട്ടയാർ വില്ലേജിലെ സർവേ നടപടികൾ പൂർത്തിയായി. ഇവിടെ അടുത്ത 15ന് ചട്ടം 9, ഉപചട്ടം 2 എന്നിവ പ്രകാരം റവന്യു വകുപ്പ് പ്രത്യേക വിജ്ഞാപനമിറക്കും. ഇതോടെ സർവേ സ്കെച്ച് ഉൾപ്പെടെയുള്ളവ പരിശോധിച്ചു പരാതികൾ നൽകാൻ ഭൂവുടമകൾക്ക് കഴിയും. പരാതികൾ പരിഹരിച്ച് ചട്ടം 13 പ്രകാരം അന്തിമ വിജ്ഞാപനം ഇറക്കി രേഖകൾ റവന്യു ഭരണ വിഭാഗത്തിനു കൈമാറുന്നതോടെ നടപടികൾ പൂർത്തിയാകും. മുൻഗണന അനുസരിച്ച് രാജാക്കാട്, വാത്തിക്കുടി, കൽക്കൂന്തൽ, മഞ്ചുമല വില്ലേജുകളിലാണ് ഇനി ഡിജിറ്റൽ സർവേ നടപടികളിലേക്ക് കടക്കുന്നത്.



ജൂൺ 15നു മുൻപ് ഈ വില്ലേജുകളിലെയും സർവേ പൂർത്തിയാക്കാനാണ് തീരുമാനം. സർക്കാരിന്റെ 100 ദിന കർമ പദ്ധതിയുടെ ഭാഗമായി പുതിയ പട്ടയങ്ങൾ വിതരണത്തിന് തയാറാക്കാനായി സർവേ വിഭാഗത്തിൽ ആകെയുള്ള 170 സർവേയർമാരിൽ പകുതിയോളം പേരെ താലൂക്ക് ഓഫിസുകളിലും പട്ടയ ഓഫിസുകളിലും നിയോഗിച്ചിരിക്കുകയാണ്. 225 സർവേ ഉദ്യോഗസ്ഥരെയാണ് ഡിജിറ്റൽ സർവേ നടപടികൾക്ക് ജില്ലയിൽ ആവശ്യമുള്ളത്.

ഈ സാഹചര്യത്തിൽ 50 സർവേയർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി കരാർ അടിസ്ഥാനത്തിൽ നിയമിച്ചാണ് നടപടികൾ മുന്നോട്ടു കൊണ്ടുപോകുന്നത്. 55 ഹെൽപർമാരെയും താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. 200 താൽക്കാലിക ജീവനക്കാർക്ക് നിയമന ഉത്തരവ് നൽകിയിട്ടുമുണ്ട്. ജില്ലയിൽ ആവശ്യത്തിന ഉദ്യോഗാർഥികളില്ലാത്തതിനാൽ മറ്റു ജില്ലകളിൽ നിന്നുൾപ്പെടെയാണ് നിയമനം നടത്തുന്നത്.

റോബട്ടിക് ടോട്ടൽ സ്റ്റേഷൻ മെഷീനുകളാണ് ഡിജിറ്റൽ സർവേക്കായി ഉപയോഗിക്കുന്നത്. 59 ആർടികെ മെഷീനുകളും 13 ആർഇടിഎസ് മെഷീനുകളുമാണ് നിലവിൽ ജില്ലയിലെ സർവേ വിഭാഗത്തിനുള്ളത്. 41 മെഷീനുകൾ കൂടി അധികമായി അനുവദിച്ചിട്ടുണ്ടെന്ന് അധികൃതർ വ്യക്തമാക്കി.

എല്ലാ ഭൂമിക്കും കൃത്യമായ രേഖയുണ്ടാക്കുക, ഭൂമി സംബന്ധമായ സേവനങ്ങളെല്ലാം ഓൺലൈനാക്കുക എന്നിവയാണ് എന്റെ ഭൂമി പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ഓരോ ഭൂമിയുടെയും കൃത്യമായ അളവുകൾ വച്ച് ലാൻഡ് പാഴ്സൽ മാപ് (എൽപിഎം) തയാറാക്കാനാണ് ഡിജിറ്റൽ സർവേ നടത്തുന്നത്. ഈ മാപ്പിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ സർവേ, റജിസ്ട്രേഷൻ, റവന്യു എന്നീ വകുപ്പുകളുടെ എല്ലാ സേവനങ്ങളും ഓൺലൈനാകും. ഇതിനുള്ള ഏകജാലക സംവിധാനമായിരിക്കും എന്റെ ഭൂമി പോർട്ടൽ.

## അഴീക്കോട് മുനമ്പം പാലം യാഥാർഥ്യമാകുന്നു

**കയ്പമംഗലം:** അഴീക്കോട് മുനമ്പം പാലം നിർമാണത്തിന് അനുമതി ലഭിച്ചതായി ഇ.ടി. ടൈസൺ എംഎൽഎ പറഞ്ഞു. ഏറെ പ്രതിബന്ധങ്ങൾ മറികടന്നാണ് പദ്ധതി യാഥാർഥ്യമാകുന്നത്. ദേശീയ ജലപാതയായതിനാൽ കേന്ദ്ര തുറമുഖ വകുപ്പിന്റെയും ദേശീയ ജലപാത വകുപ്പിന്റെയും സംസ്ഥാന തുറമുഖ വകുപ്പിന്റെയും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെയും പ്രത്യേക അംഗീകാരങ്ങൾ ആവശ്യമായിരുന്നു.

വർക്കി കൺസ്ട്രക്ഷൻ കമ്പനിക്കാണ് നിർമാണ ചുമതല. തീരദേശ പാതയുടെ ഭാഗമായ ഈ പാലത്തിന്റെ നടുഭാഗത്തെ ഉയരം 12.5 മീറ്ററും വശങ്ങളിലെ ഉയരം 8.5 മീറ്ററുമാണ് 14 മീറ്റർ വീതിയുള്ള പാലത്തിന് ഇരുവശങ്ങളിലും നടപ്പാതയും ഒരു സൈക്കിൾ പാതയും പ്രത്യേകമായി ഉണ്ടാകും.

## ഇമുറ്റം ഡിജിറ്റൽ ലിറ്ററസി പദ്ധതി ഒളവണ്ണയിൽ നടപ്പാക്കും

ഡിജിറ്റൽ നിരക്ഷരത ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന സാക്ഷരത മിഷന്റെയും കൈറ്റ് കേരളയുടെയും നേതൃത്വത്തിൽ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ ഇ മുറ്റം ഡിജിറ്റൽ ലിറ്ററസി പദ്ധതി നടപ്പാക്കും.

ഒളവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി ശാരുതി അധ്യക്ഷയായി സംഘാടക സമിതി രൂപീകരിച്ചു.

## കുറ്റ്യാടി ബൈപ്പാസ് സ്ഥലം ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലേക്ക്

കിഫ്ബി വഴി അനുമതി ലഭിച്ച കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലേക്ക്.

പദ്ധതിയുമായി ബന്ധപ്പെട്ട അവലോകന യോഗം കുറ്റ്യാടി എം എൽ എ കുഞ്ഞമ്മദ് കുട്ടി മാസ്റ്ററുടെ നേതൃത്വത്തിൽ ചേർന്നു. ഭൂമി വിട്ട് നൽകുന്നവർക്കുള്ള നഷ്ടപരിഹാരം സംബന്ധിച്ച് ഈ മാസാവസാനത്തോടെ അന്തിമ തീരുമാനം ഉണ്ടാകും. കെട്ടിടങ്ങൾക്കുള്ള വാല്യുവേഷൻ ഉൾപ്പെടെ പൂർത്തീകരിച്ചതായി ഉദ്യോഗസ്ഥർ അറിയിച്ചു. ബൈപ്പാസിൻറെ ലാൻഡ് അക്വിസിഷൻ പ്രവർത്തനങ്ങൾക്ക് സമാന്തരമായി ടെണ്ടർ നടപടികൾ കൂടി പൂർത്തിയായാൽ നിർമ്മാണ പ്രവൃത്തി ഈ വർഷം തന്നെ ആരംഭിക്കും.

പദ്ധതിക്ക് ഭൂമി വിട്ടു നൽകുന്നവരിൽ നിന്നുള്ള സമ്മതപത്രം കെ.പി



കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ എം.എൽ.എ സ്വീകരിച്ചു. ഭൂമി വിട്ടു നൽകുന്ന പ്രദേശവാസികളുടെ സംശയങ്ങൾക്ക് തഹസിൽദാറും എഞ്ചിനീയറും മറുപടി നൽകി. കുറ്റ്യാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഒ.ടി.നഫീസ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി. കെ. മോഹൻദാസ്, ലാൻഡ് അക്വിസിഷൻ തഹസിൽദാർ മുരളി, ആർബിഡിസി കെ എഞ്ചിനീയർ അതുൽ, ജനപ്രതിനിധികൾ, പ്രദേശവാസികൾ എന്നിവർ സംസാരിച്ചു.

പ്രദേശവാസികളുടെ ആശങ്കകൾ പരിഗണിച്ച് അലൈൻമെന്റിലെ അപാകതകൾ പരിഹരിച്ച ശേഷം 2021 ജൂലൈ മാസത്തിന് ശേഷമായിരുന്നു കുറ്റ്യാടി ബൈപ്പാസിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചത്. ഏറ്റെടുക്കൽ പൂർത്തീകരിക്കുന്നതോടെ ഒരു മാസത്തിന് ശേഷം 19(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കും. ലാൻഡ് അക്വിസിഷൻ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തിയുടെ ടെണ്ടർ ഓഗസ്റ്റ് അവസാനവാരം പ്രസിദ്ധപ്പെടുത്താനാണ് തീരുമാനം.

## കെൽപാം ഉത്പന്നങ്ങളുടെ ഫ്രാഞ്ചൈസി നേടാം

**തിരുവനന്തപുരം:** കോർപ്പറേഷൻ പരിധിയിൽ 10 സ്ഥലങ്ങളിൽ നൊങ്ക് ബങ്കുകൾ സ്ഥാപിച്ച് കെൽപാം ഉത്പന്നമായ പാം പൈൻ സർബത്ത് വില്പന നടത്തുന്നതിനു മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു.

കെൽപാം നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ബങ്കുകൾ സ്വന്തം ചിലവിൽ ബങ്കുകൾ നിർമിക്കണം. ബങ്ക് ഒന്നിന് പ്രതിമാസ വാടക 5,000 രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റ് 30,000 രൂപയുമാണ്. വിൽക്കാനുള്ള ഉത്പന്നങ്ങൾ കെൽപാമിൽ നിന്ന് എത്തിക്കും. കെൽപാമിന്റെ മറ്റ് ഉത്പന്നങ്ങളായ കാർബോനേറ്റഡ് സോഫ്റ്റ് ഡ്രിങ്ക്സും പനം കരിപ്പെട്ടിയും കമ്മീഷൻ അടിസ്ഥാനത്തിൽ വില്പന നടത്തുന്നതിനും സന്നദ്ധരായിരിക്കണം. കമ്മീഷൻ വ്യവസ്ഥകൾ ഉഭയകക്ഷി ചർച്ചയിലൂടെ തീരുമാനിക്കും.

താത്പര്യമുള്ളവർ മാനേജിംഗ് ഡയറക്ടർ, കെൽപാം, കുംഭംവിള, അരയൂർ.പി.ഒ, കൊറ്റാമം, തിരുവനന്തപുരം 695122 എന്ന വിലാസത്തിൽ മെയ് 11 വൈകീട്ട് അഞ്ചിനകം അപേക്ഷിക്കണം.



## ലൈഫ് വീടുകളുടെ താക്കോൽ കൈമാറ്റ ചടങ്ങ് നടന്നു

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നൂറുദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി തെക്കുംകര ഗ്രാമപഞ്ചായത്ത് നിർമ്മാണം പൂർത്തീകരിച്ച രണ്ട് ലൈഫ് വീടുകളുടെ താക്കോൽ കൈമാറ്റ ചടങ്ങ് നടന്നു. തെക്കുംകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.വി.സുനിൽകുമാർ താക്കോൽ കൈമാറി.

ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ഇ.ഉമാലക്ഷ്മി അധ്യക്ഷയായി. ഗുണഭോക്താക്കളായ ഗീത അറക്കലിനും മേഴ്സി നെല്ലങ്കരക്കും ഗ്രാമപഞ്ചായത്തിന്റെ ഉപഹാരങ്ങൾ കൈമാറി. ലൈഫ് പദ്ധതിയുടെ ഭാഗമായി 5.92 കോടി രൂപ ചിലവിൽ 186 ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകി. 126 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും 60 വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയുമാണ്.

തെക്കുംകര ഗ്രാമപഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ രാധാകൃഷ്ണൻ, രാമചന്ദ്രൻ മെമ്പർ, സെക്രട്ടറി ഡോ ബിന്ദു, വടക്കാഞ്ചേരി ബ്ലോക്ക് ജോയിന്റ് ബി ഡി ഒ അജയ്ഘോഷ്, നിർവഹണ ഉദ്യോഗസ്ഥരായ ജിഷ, പ്രീത, വർഷ തുടങ്ങിയവർ പങ്കെടുത്തു.



## റോഡുകൾ നാടിന്റെ വികസനത്തിന്റെ പ്രധാന ഘടകം മന്ത്രി മുഹമ്മദ് റിയാസ്

**കോഴിക്കോട്:** റോഡ് വികസനം നാടിന്റെ വികസനത്തിന്റെ പ്രധാന ഘടകമാണെന്ന് പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ്. പാണ്ടിപ്പാടം ചീർപ്പിങ്ങൽ പാലക്കൽ റോഡ്, കലം കൊള്ളിപ്പടന്ന റോഡ് എന്നിവയുടെ നവീകരണ പ്രവൃത്തി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. അരീക്കോട് മീഞ്ചന്ത വട്ടകിണർ മേൽപ്പാലം, ഫറോക്ക് പേട്ട ജംഗ്ഷൻ നവീകരണം, ഫറോക്ക് മിനി സിവിൽ സ്റ്റേഷൻ തുടങ്ങി മണ്ഡലത്തിലെ വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചതായും മന്ത്രി അറിയിച്ചു. ഫറോക്ക് നഗരസഭ ചെയർമാൻ എൻ.സി റസാഖ് അധ്യക്ഷത വഹിച്ചു.

പാണ്ടിപ്പാടം ചീർപ്പിങ്ങൽ പാലക്കൽ റോഡിന് 89 ലക്ഷവും കലം കൊള്ളിപ്പടന്ന റോഡിന് 42.14 ലക്ഷവുമാണ് നവീകരണ പ്രവൃത്തിക്കായി അനുവദിച്ചത്. തീരദേശ റോഡുകളുടെ നവീകരണ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതിക്ക് തുക വകയിരുത്തിരിക്കുന്നത്. ഹാർബർ എഞ്ചിനീയറിങ് വകുപ്പിനാണ് നിർമ്മാണ ചുമതല.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ ഡാരിസ് പോൾ റിപ്പോർട്ട് അവതരിപ്പിച്ചു. കൗൺസിലർമാരായ ലിനിഷ എ, ലൈല കെ പി, മുൻ കൗൺസിലർ ചന്ദ്രമതി എന്നിവർ സംസാരിച്ചു. വാർഡ് കൗൺസിലർ ദീപിക പി സ്വാഗതവും സംഘാടകസമിതി കൺവീനർ ജയേഷ് നന്ദിയും പറഞ്ഞു.

# നെല്ലു സംഭരണവില: നടപടി വേഗത്തിലാക്കാൻ നിർദേശം

**പാലക്കാട്:** സംസ്ഥാനത്തു നെല്ലിന്റെ സംഭരണ വില നൽകാൻ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്ന് 700 കോടി രൂപ കടമെടുക്കാനുള്ള അനുമതി ഉൾപ്പെടെയുള്ള നടപടികൾ വേഗത്തിലാക്കാൻ ധനവകുപ്പിനു മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദേശം. ഇതിനായി ചീഫ് സെക്രട്ടറി വി.പി.ജോയിയെ ചുമതലപ്പെടുത്തി.



സംഭരിച്ച നെല്ലിന്റെ വില നൽകാൻ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്ന് 700 കോടി രൂപ കടമെടുക്കാൻ സപ്ലൈകോ നേരത്തെ തന്നെ ധാരണയിലെത്തിയിരുന്നുവെങ്കിലും ധനവകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല. നെല്ലിന്റെ സംഭരണ രസീതി ഈടിൻമേൽ (പിആർഎസ് വായ്പ) തുക കടമെടുത്തു കർഷകർക്കു നൽകാനായിരുന്നു ധാരണ. ഇതു സംബന്ധിച്ച ഫയൽ ഒരു മാസം മുൻപു തന്നെ സപ്ലൈകോ ധനകാര്യവകുപ്പിനു നൽകിയിരുന്നുവെങ്കിലും തീരുമാനം എടുക്കാത്തതിനാൽ വില വിതരണം സ്തംഭിച്ചു. ഇതോടെ കർഷക രോഷവും ശക്തിപ്പെട്ടു. തുടർന്നാണു മുഖ്യമന്ത്രി യോഗം വിളിച്ചത്.

വിവിധയിനങ്ങളിലായി സംസ്ഥാന സർക്കാർ സപ്ലൈകോയ്ക്കു നൽകാനുള്ള 750 കോടി രൂപയും പരമാവധി വേഗത്തിൽ തിരിച്ചു നൽകും. ഇതിനുള്ള ധനകാര്യ വകുപ്പു നടപടികൾ വേഗത്തിലാക്കാനും യോഗം ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. നടപ്പു സീസണിൽ സംഭരിച്ച നെല്ലിന്റെ വിലയായി സപ്ലൈകോ ഇതുവരെ 925 കോടി രൂപയാണു നൽകിയിട്ടുള്ളത്.

രണ്ടാംവിളയിൽ സംഭരിക്കുന്ന നെല്ലിന്റെ വില ഉൾപ്പെടെ പൂർണതോതിൽ നൽകാൻ ഇനിയും 1000 കോടി രൂപ വേണം. കേന്ദ്രത്തിൽ നിന്നു മുൻകൂറായി ലഭിച്ച 375 കോടി രൂപ ഇതിനകം കൃഷിക്കാർക്കു നൽകിക്കഴിഞ്ഞു.സർക്കാർ തലത്തിലുള്ള നടപടികൾ പൂർത്തിയായാൽ ബാങ്ക് കൺസോർഷ്യത്തിൽ നിന്നുള്ള തുക ലഭിക്കുമെന്ന് സപ്ലൈകോ അറിയിച്ചു. ഇതു ലഭിക്കുന്നതോടെ നെല്ലിന്റെ വില വിതരണം വേഗത്തിലാക്കും. അപ്പോഴേക്കും സംസ്ഥാന സർക്കാരിൽ നിന്നു കിട്ടാനുള്ള തുകയും സപ്ലൈകോയ്ക്കു ലഭിച്ചു തുടങ്ങും.

യോഗത്തിൽ ധനവകുപ്പിന്റെ പ്രതിനിധികൾ പങ്കെടുത്തിരുന്നില്ല. സപ്ലൈകോയിൽ നിന്നുള്ള അറിയിപ്പു ലഭിക്കാത്തതാണു കാരണമെന്നാണു സൂചന.

നെല്ലിന്റെ വില നൽകാനുള്ള തീരുമാനമായിട്ടും ധനകാര്യവകുപ്പ് സെക്രട്ടറിയെ യോഗത്തിലേക്കു വിളിക്കാത്തതു പാളിച്ചയായി. ആവശ്യങ്ങൾക്കെല്ലാം മറുപടി പറയേണ്ടതും നടപ്പാക്കേണ്ടതും ധനകാര്യ വിഭാഗമാണ്. ഇതേത്തുടർന്നാണു മുഖ്യമന്ത്രി തുടർ നടപടികൾക്കായി ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയത്. മന്ത്രിമാരായ ജി.ആർ.അനിൽ, വി എൻ.വാസവൻ!, സഹകരണ വകുപ്പു സെക്രട്ടറി മിനി ആന്റണി, ഭക്ഷ്യവകുപ്പു സെക്രട്ടറി പി.എം.അലി അസ്കർ പാഷ, സപ്ലൈകോ ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ ശ്രീരാം വെങ്കിട്ടരാമൻ, കേരള ബാങ്ക് പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ ക്ലാർക്ക് തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അപേക്ഷ ക്ഷണിച്ചു. ശമ്പള സ്കെയിൽ 35,60075,400 രൂപ. കേരള സർക്കാർ വകുപ്പുകളിൽ സമാന തസ്തികകളിലും സമാന ശമ്പള സ്കെയിലിലും സേവനമനുഷ്ഠിക്കുന്ന ഹിന്ദു മത വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാം. അവസാന തീയതി മെയ് 20. വിശദവിവരങ്ങൾക്ക്: www.kdrb.kerala.gov.in.

## ക്വട്ടേഷൻ ക്ഷണിച്ചു

കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഭാഗമായ നിയമസഭാ ഹോസ്റ്റലിൽ വെജ് ആൻഡ് നോൺ വെജ് ക്യാന്റീൻ നടത്തുന്നതിനായി കാന്റീനുകൾ നടത്തി പരിചയമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ നിശ്ചിത ഫോമിൽ ക്ഷണിച്ചു. കാന്റീൻ നടത്തുന്നതിനുള്ള അവകാശം ആയത് അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്ക് ആയിരിക്കും.

ക്വട്ടേഷനുകൾക്കുള്ള അപേക്ഷാ ഫോമും നിബന്ധനകളും നിയമസഭാ ഹോസ്റ്റൽ എസ്റ്റേറ്റ് ഓഫീസിൽ നിന്ന് നേരിട്ടോ തപാൽ മാർഗമോ ലഭിക്കും. നിശ്ചിത ഫോമിലുള്ള ക്വട്ടേഷനുകൾ പൂരിപ്പിച്ച് അപേക്ഷകന്റെ ഇലക്ഷൻ/ ആധാർ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പിനൊപ്പം മേയ് 15 നു വൈകീട്ട് മൂന്നിന് മുമ്പായി മുദ്ര വെച്ച കവറിൽ എസ്റ്റേറ്റ് ഓഫീസർ, നിയമസഭാ ഹോസ്റ്റൽ, നിയമസഭാ സെക്രട്ടേറിയറ്റ്, പാളയം, തിരുവനന്തപുരം 33 എന്ന വിലാസത്തിൽ ഈ മേഖലയിലെ പരിചയം സംബന്ധിച്ച സാക്ഷ്യപത്രം സഹിതം ലഭ്യമാക്കണം. മേയ് 17 നു രാവിലെ 11 നു ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യും. കാരണം കൂടാതെ ക്വട്ടേഷനുകൾ മാറ്റി വയ്ക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം നിയമസഭാ സെക്രട്ടേറിയറ്റിൽ നിക്ഷിപ്തമായിരിക്കും.

### തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് അപേക്ഷിക്കാം

കെൽട്രോണിന്റെ വഴുതക്കാടുള്ള നോളജ് സെന്ററിൽ, ഇന്ത്യയിലും വിദേശത്തും നിരവധി തൊഴിൽ സാധ്യത ഉള്ള അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഗ്രാഫിക്സ്, വെബ് ആൻഡ് ഡിജിറ്റൽ ഫിലിം മേക്കിങ്ങ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ അഡ്വാൻസ്ഡ് ഗ്രാഫിക്സ് ഡിസൈനിംഗ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഗ്രാഫിക്സ് ആൻഡ് വിഷ്വൽ ഇഫക്ട്സ്, കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് വിത്ത് ഇന്ത്യൻ ആൻഡ് ഫോറിൻ അക്കൗണ്ടിംഗ്, പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലൊജിസ്റ്റിക് ആൻഡ് സപ്ലൈചെയ്ൻ മാനേജ്മെന്റ്, പ്രൊഫഷണൽ ഡിപ്ലോമ ഇൻ കംപ്യൂട്ടർ ഹാർഡ്വെയർ ആന്റ് നെറ്റ്വർക്ക് മെയിന്റനൻസ്, പ്രൊഫഷണൽ ഡിപ്ലോമ ഇൻ വെബ് ഡിസൈൻ ആൻഡ് ഡെവലപ്പ്മെന്റ്, ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ, പി.ജി.ഡി.സി.എ എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

വിശദവിവരങ്ങൾക്ക് 8590605260, 04712325154 എന്നീ നമ്പറിലോ, കെൽട്രോൺ നോളജ്സെന്റർ, രണ്ടാം നില, ചെമ്പിക്കലം ബിൽഡിംഗ്, ബേക്കറിവിമൻസ് കോളേജ് റോഡ്, വഴുതയ്ക്കാട്.പി.ഒ. തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടണം.

# ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജിയിൽ ദ്വിദിന ശിൽപശാല ആരംഭിച്ചു




**കൊച്ചി:** ഉപയോഗിച്ച മെറ്റീരിയലുകൾ വീണ്ടും ഉപയോഗിക്കുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ സാങ്കേതികവിദ്യയിലൂടെ കുറഞ്ഞ ചെലവിൽ കൂടുതൽ പ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് ഉമ തോമസ് എംഎൽഎ പറഞ്ഞു. കിഫ്ബി സഹകരണത്തോടെ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (കെ.എസ്.സി.എസ്.ടി.ഇ) ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം (നാറ്റ്പാക് ) ഫുൾ ഡെപ്ത് റിക്ലമേഷൻ (എഫ്.ഡി.ആർ) ടെക്നോളജിയിൽ സംഘടിപ്പിച്ച ദ്വിദിന ശിൽപശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു എം.എൽ.എ.തകരാറിലാകുന്ന റോഡുകൾ പുനർ നിർമ്മിക്കുന്നതിനുള്ള പ്രധാന പ്രശ്നം ഫണ്ടിന്റെ പോരായ്മയാണ്. എഫ്.ഡി.ആർ പോലുള്ള സാങ്കേതികവിദ്യയിലൂടെ കുറഞ്ഞ ചെലവിൽ റോഡ് നിർമ്മാണം സാധ്യമാകും. അങ്ങനെ ഫണ്ടിന്റെ പ്രശ്നങ്ങൾ കുറെ പരിഹരിക്കാനാകും. പരിസ്ഥിതിയെ തകർക്കാതെ പരിസ്ഥിതിക്ക് അനുകൂലമായ രീതിയിലുള്ള നൂതന സാങ്കേതികവിദ്യകൾ കൂടുതൽ വികസനത്തിന് വഴി തെളിയിക്കുമെന്നും എം.എൽ.എ പറഞ്ഞു.റോഡിന്റെ നിലവിലെ തകരാറിലായ ഭാഗങ്ങൾ ഉൾപ്പെടെ പുനരുപയോഗിച്ചാണ് എഫ് ഡി ആർ സാങ്കേതികവിദ്യയിൽ പുതിയ റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നത്. ബിറ്റുമിൻ കോൺക്രീറ്റ് നിരയേക്കാൾ ഗുണകരമായ രീതിയിൽ നിർമ്മാണം പൂർത്തീകരിക്കാൻ എഫ്.ഡി .ആർ വഴി സാധിക്കും.രാജ്യത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് എഫ് ഡി ആർ സാങ്കേതികവിദ്യ എത്രമാത്രം ഗുണപ്രദമാണെന്ന് ഈ മേഖലയിൽ മികവ് തെളിയിച്ചവരുടെ വൈവിധ്യമാർന്ന അനുഭവങ്ങളും വെല്ലുവിളികളും പങ്കിടുന്നതിനാണ് ശില്പശാല സംഘടിപ്പിക്കുന്നത്. രണ്ട് ദിവസമായി സംഘടിപ്പിക്കുന്ന ശില്പശാലയുടെ ആദ്യദിനത്തിൽ എഫ് ഡി ആർ സാങ്കേതികവിദ്യയുടെ പ്രാധാന്യം, കൺസ്ട്രക്ഷൻ, ക്വാളിറ്റി കൺട്രോൾ, കേരളത്തിലെ നാഷണൽ ഹൈവേകളിൽ എഫ് ഡി ആർ സാങ്കേതികവിദ്യ നടപ്പിലാക്കൽ, എഫ് ഡി ആർ സാങ്കേതികവിദ്യയിൽ കേരള റോഡ് ഫണ്ട് ബോർഡ് ( കെ ആർ എഫ് ബി ) അനുഭവങ്ങൾ, ഉത്തർപ്രദേശിൽ അവതരിപ്പിച്ച എഫ് ഡി ആർ സാങ്കേതികവിദ്യയുടെ അനുഭവങ്ങൾ എന്നിവയെക്കുറിച്ച് വിദഗ്ധർ ക്ലാസുകൾ നയിച്ചു.രണ്ടാം ദിനം ഉത്തർപ്രദേശ്, ആസാം എന്നിവിടങ്ങളിൽ നടപ്പിലാക്കിയ എഫ് ഡി ആർ സാങ്കേതികവിദ്യയുടെ പാഠങ്ങൾ, ഇന്ത്യയിൽ നടപ്പിലാക്കുന്നതിലെ പ്രശ്നങ്ങളും വെല്ലുവിളികളും, കേരളത്തിൽ പദ്ധതി നടപ്പിലാക്കൽ തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് വിദഗ്ധർ ക്ലാസുകൾ നയിക്കും.കാക്കനാട് രേക്ക ക്ലബിൽ നടന്ന പരിപാടിയിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ അധ്യക്ഷത വഹിച്ചു. കെ.എസ്.സി.എസ്.ടി.ഇ ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം ഡയറക്ടർ പ്രൊഫ. സാംസൺ മാത്യു, കിഫ്ബി പ്രിൻസിപ്പൽ കൺസൾട്ടന്റ് എൽ എസ് മുരളി, ഐഐടി മദ്രാസ് സിവിൽ എഞ്ചിനീയറിംങ് വിഭാഗം റിട്ട. പ്രൊഫ എ. വീരരാഘവൻ തുടങ്ങിയവർ പങ്കെടുത്തു.

## ഓപ്പറേഷൻ ബ്രേക്ക് ത്രൂ

# ഉദ്യോഗസ്ഥ സംഘം സന്ദർശിക്കും

### ജോസ് ജംഗ്ഷൻ മുതൽ സൗത്ത് ജംഗ്ഷൻ വരെയുള്ള പ്രദേശങ്ങളാണ് ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ സംഘം സന്ദർശിക്കുന്നത്

**കൊച്ചി:** ഓപ്പറേഷൻ ബ്രേക്ക് ത്രൂ വിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായിജോസ് ജംഗ്ഷൻ മുതൽ സൗത്ത് ജംഗ്ഷൻ വരെയുള്ള പ്രദേശങ്ങൾ ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷിന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സന്ദർശിക്കും. കളക്ടറുടെ ക്യാമ്പ് ഹൗസിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. കൊച്ചി നഗരത്തിലെ വിവിധ ഭാഗങ്ങളിൽ അനുഭവപ്പെടുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് മഴക്കാലത്തിനു മുമ്പേ ചെയ്തു തീർക്കേണ്ട പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനാണ് യോഗം ചേർന്നത്.മുല്ലശേരി കനാലിൽ നടത്തിവരുന്ന നവീകരണ പ്രവർത്തനങ്ങൾ 85 ശതമാനം പൂർത്തിയാക്കിയതായി ഉദ്യോഗസ്ഥർ അറിയിച്ചു. ഓപ്പറേഷൻ ബ്രേക്ക് ത്രൂ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളും വർക്ക് ഷെഡ്യൂൾ നൽകണമെന്ന് കളക്ടർ അറിയിച്ചു.മഴക്കാലത്തിന് മുൻപ് പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്ന് കളക്ടർ നിർദ്ദേശം നൽകി.കനാലുകളിലും ഓടകളിലും തുറസായ ഇടങ്ങളിലും മാലിന്യങ്ങൾ തള്ളിയതിനെ തുടർന്ന് കഴിഞ്ഞ മാസം 30 കേസ് രജിസ്റ്റർ ചെയ്തതായി പോലീസ് വിഭാഗം അറിയിച്ചു. വ്യക്തികൾക്ക് എതിരെ മാത്രമല്ല, മാലിന്യ നിക്ഷേപങ്ങൾക്ക് ഉപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെയും കേസ് രജിസ്റ്റർ ചെയ്യാൻ കളക്ടർ നിർദേശിച്ചു. ഹൈക്കോടതി നിയമിച്ച അമിക്കസ് ക്യൂറി അഡ്വ. എ.ജി. സുനിൽ കുമാർ, അമിക്കസ് ക്യൂറി അഡ്വ. ഗോവിന്ദ് പത്മനാഭൻദുരന്തനിവാരണ വകുപ്പ്, ജല അതോറിറ്റി, , റോഡ്സ് വിഭാഗം, കൊച്ചി കോർപ്പറേഷൻ, കെ.എസ്.ഇ.ബി, പൊലീസ്, അഗ്നി രക്ഷാസേന വകുപ്പുകളിലെ പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## കുമ്പളങ്ങിയിലെ മാംസവിൽപ്പന ശാലകൾക്ക് അടച്ചുറപ്പ് നിർബന്ധം

**കൊച്ചി:** മാംസവിൽപ്പന ശാലകൾക്ക് അടച്ചുറപ്പ് നിർബന്ധമാക്കി കുമ്പളങ്ങി ഗ്രാമപഞ്ചായത്ത്. തുറസ്സായ സ്ഥലങ്ങളിലെ മാംസവിൽപ്പനയ്ക്കെതിരെ നടപടിയെടുക്കും. ആരോഗ്യകരവും സുരക്ഷിതവുമായ മാംസം ജനങ്ങളിലേക്കെത്തിക്കാൻ ഉടമകൾ അടച്ചുറപ്പുള്ള വിൽപ്പനകേന്ദ്രങ്ങൾ സജ്ജീകരിക്കണമെന്നാണ് പഞ്ചായത്തിന്റെ നിർദേശം. കഴിഞ്ഞദിവസം ചേർന്ന യോഗത്തിലെ തീരുമാനപ്രകാരമാണ് മാംസവിൽപ്പന ശാലകൾക്ക് അടച്ചുറപ്പ് നിർബന്ധമാക്കുന്നത്. നിലവിൽ പഞ്ചായത്തിന്റെ പരിധിയിലുള്ള 19 മാംസവിൽപ്പനകേന്ദ്രങ്ങളും അലൂമിനിയം ഫാബ്രിക്കുകൾ, ഗ്ലാസുകൾ തുടങ്ങിയവ ഉപയോഗിച്ച് സുരക്ഷിതമാക്കണം. വിൽപ്പനകേന്ദ്രങ്ങൾ നവീകരിക്കുന്നതിനൊപ്പം മാംസമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കണമെന്നും നിർദേശമുു്. പുതിയ തീരുമാനം നടപ്പാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലുടനീളം ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കും. 'മാലിന്യ മുക്ത കുമ്പളങ്ങി' പദ്ധതിയുടെ ഭാഗമായി നിരവധി ശുചീകരണ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടക്കുന്നു്. ഒൻപത് വാർഡുകളിലെ പൊതുസ്ഥലങ്ങളിൽ കുമിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കംചെയ്ത് ശുചീകരണയജ്ഞം നടത്തി. മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചു. ക്യാമ്പയിനുകൾ സംഘടിപ്പിച്ചു. നിയമം ലംഘിക്കുന്നവരെ കത്തെി നിയമ നടപടി സ്വീകരിക്കാനാണ് തീരുമാനം. നിലവിൽ 69 ശതമാനം വീടുകളിൽ ലഭ്യമാകുന്ന ഹരിതകർമ്മസേനാംഗങ്ങളുടെ സേവനം പഞ്ചായത്തിലെ 100 ശതമാനം വീടുകളിലേക്കും വ്യാപിപ്പിക്കാൻ അടിയന്തരമായി നടപടി സ്വീകരിച്ചിട്ടു്. മാലിന്യം നീക്കം ചെയ്യുന്നതിനായി ഹരിതകർമ്മ സേനയ്ക്ക് 17 വാർഡുകളിൽ ട്രൈസൈക്കിളുകളും ഓട്ടോറിക്ഷാ സംവിധാനവും ലഭ്യമാക്കിയിട്ടു്.

## മോട്ടോർ തൊഴിലാളി ക്ഷേമനിധി കുടിശ്ശിക ഒടുക്കാം

**കൊച്ചി:** കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ ക്ഷേമനിധി വിഹിതം കുടിശിക വരുത്തിയ തൊഴിലാളികൾക്ക് പലിശ സഹിതം കുടിശിക ഒടുക്കുന്നതിന് മെയ് 31 വരെ സമയം ദീർഘിപ്പിച്ചതായി ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2401632.

## അംശദായം ഒടുക്കുന്നതിന് സമയം നീട്ടി

**കൊച്ചി:** കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് അംശദായം കുടിശിക ഒടുക്കുന്നതിന് മെയ് 31 വരെ സമയം അനുവദിച്ചതായി ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ അറിയിച്ചു.

## പരിശീലന ക്ലാസിലേക്ക് പ്രവേശനം

കൊച്ചി: കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ മക്കൾക്ക് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻറ് എംപ്ലോയ്മെൻറ് (കിലെ) കീഴിൽ 10 മാസത്തെ സിവിൽ സർവ്വീസ് പ്രിലിമിനറി/മെയിൻസ് പരീക്ഷയുടെ (അടിസ്ഥാന യോഗ്യത ബിരുദം) പരിശീലന ക്ലാസിലേക്ക് പ്രവേശനം ലഭിക്കുന്നതിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ജൂൺ 20. കൂടുതൽ വിവരങ്ങൾക്ക് www.kile.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ 7907099629, 04712479966, 2309012.

## അതിഥി തൊഴിലാളികളുടെ കുട്ടികൾക്കായി മൊബൈൽ ക്രഷ്

**കൊച്ചി:** വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്യുന്ന അതിഥി തൊഴിലാളികളുടെ കുട്ടികൾക്കായി മൊബൈൽ ക്രഷ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ക്രഷ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാന്റെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു. സ്കൂൾ തുറക്കുന്നതിന് മുമ്പ് മൊബൈൽ ക്രഷ് ആരംഭിക്കുന്നതിനായി സ്ഥലം കണ്ടെത്താൻ എ.ഡി.എം. നിർദേശിച്ചു. വാഹനം ഏർപ്പാടാക്കുന്നതിനും രണ്ട് ഷിഫ്റ്റ്കളിലായി ജീവനക്കാരെ നിയോഗിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുകയും വേണം. കോൺഫെഡെറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസിന്റെ(സി. ഐ. ഐ ) ഫണ്ടും സാമൂഹിക പ്രതിബദ്ധതാ ഫണ്ടും ക്രഷിനായി ലഭിക്കുമെന്നും എ. ഡി. എം. അറിയിച്ചു.

# മില്ലറ്റ് മേള സംഘടിപ്പിച്ചു



**കൊച്ചി :**ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ ദക്ഷിണ മേഖല കാര്യാലയം കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ സഹകരണത്തോടെ എറണാകുളം ടൗൺ ഹാളിൽ 'ഈറ്റ് റൈറ്റ് മില്ലറ്റ് മേള സംഘടിപ്പിച്ചു.കേരള ഭക്ഷ്യ സുരക്ഷാ കമ്മീഷണർ വി ആർ വിനോദ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മേയർ അഡ്വ. എം അനിൽകുമാർ മേള ഉദ്ഘാടനം ചെയ്തു. ജെയ്ൻ കെ നതാനിയേൽ, ചീഫ് കമ്മീഷണർ, സിജിഎസ്ടി ആന്റ് കസ്റ്റംസ്, പി ജയദീപ് , കസ്റ്റംസ് കമ്മീഷണർ, ഡോ. സനു ജേക്കബ്, ഡയറക്ടർ നാഷണൽ ഫുഡ് ലബോറട്ടറി, ചെന്നൈ, സെലിബ്രിറ്റി ഷെഫ് സുരേഷ് പിള്ള തുടങ്ങിയവർ സംബന്ധിച്ചു.പരിസ്ഥിതി സൗഹൃദവും സൂക്ഷ്മപോഷകങ്ങളുടെ കലവറയുമായ ചെറുധാന്യങ്ങളുടെ (Millets) കൃഷിയും ഉപഭോഗവും ജനങ്ങൾക്കിടയിൽ വർദ്ധിപ്പിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.കേന്ദ്രസംസ്ഥാന സ്ഥാപനങ്ങളുടെ പ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, സ്കൂൾകോളേജ് വിദ്യാർത്ഥികൾ അധ്യാപകർ, കർഷകർ, മില്ലറ്റ് സംരംഭകർ, പൊതുജനങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

സമാപന സമ്മേളനം കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി ആർ റെനീഷ് ഉദ്ഘാടനം ചെയ്തു. മേളയുടെ ഭാഗമായി നടന്ന വാക്കത്തോൺ, വിവിധ മത്സരങ്ങൾ, വിദഗ്ധർ നയിച്ച സെമിനാറുകൾ, മില്ലറ്റ് പ്രദർശന വിപണന സ്റ്റാളുകൾ, ഗാനസന്ധ്യ എന്നിവ വമ്പിച്ച ജനകീയ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

# ലൈഫ് മിഷൻ: ചെങ്ങമനാട് വീടിന്റെ താക്കോൽദാനം നടന്നു



**കൊച്ചി:** എല്ലാവർക്കും സുരക്ഷിത ഭവനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ പൂർത്തീകരിച്ച വീടിന്റെ താക്കോൽദാനം നടന്നു. അൻവർ സാദത്ത് എം.എൽ.എ താക്കോൽദാനം നിർവഹിച്ചു. ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് 2020 ലെ ലൈഫ് മിഷൻ പട്ടികയിൽ ഉൾപ്പെട്ട കരിം കോടോപിള്ളിക്കാണ് ഭവന നിർമ്മാണം പൂർത്തിയാക്കി നൽകിയത്.

ചടങ്ങിൽ ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സെബാ മുഹമ്മദലി അധ്യക്ഷത വഹിച്ചു, ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം.ജെ. ജോമി, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷാജൻ എബ്രഹാം, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ റെജീന നാസർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ദിലീപ് കപ്രശ്ശേരി, അമ്പിളി അശോകൻ, പഞ്ചായത്ത് അംഗങ്ങളായ ടി.വി സുരേഷ്, സി. എസ് അസീസ്, എ. ഡി ഉണ്ണികൃഷ്ണൻ, ജയ മുരളീധരൻ, വിജിത വിനോദ്, ലത ഗംഗാധരൻ, ശോഭന സുരേഷ്, പഞ്ചായത്ത് സെക്രട്ടറി എം.പി നിസാമോൾ തുടങ്ങിയവർ പങ്കെടുത്തു.

## അപേക്ഷകൾ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിൽ വിവിധ ഗസ്റ്റ് അധ്യാപക തസ്തികകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. ബി. എസ്.സി. ഫിസിക്സ് ഇൻസ്ട്രുമെന്റേഷൻ, ബി.എസ്. സി. എൻവിയോൺമെന്റൽ കെമിസ്ട്രി എന്നീ പ്രോഗ്രാമുകളിലേക്ക് ഫിസിക്സ്, ഫിസിക്സ് ഇൻസ്ട്രുമെന്റേഷൻ, ഇലക്ട്രോണിക്സ്, കെമിസ്ട്രി, എൻവിയോൺമെന്റൽ കെമിസ്ട്രി, മാത്തമാറ്റിക്സ്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിലാണ് നിയമനം.ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം മിനിമം യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഉദ്യോഗാർത്ഥികൾ മെയ് 15 ന് രാവിലെ 10.30 ന് ബന്ധപ്പെട്ട രേഖകളുമായി പ്രിൻസിപ്പാൾ ഓഫീസിൽ ഹാജരാകണം. വിശദ വിവരങ്ങൾ www.maharajas.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

# ഇന്ത്യ, യു.എസ് പങ്കാളിത്തം 21ാം നൂറ്റാണ്ടിന്റെ നിർണായക നിമിഷം : കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ



**ന്യൂ ഡൽഹി:** ഇന്ത്യയു.എസ്. പങ്കാളിത്തം 21ാം നൂറ്റാണ്ടിന്റെ നിർണായക നിമിഷം ആണെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.ന്യൂഡൽഹിയിൽ നടന്ന അമേരിക്കൻ ചേംബർ ഓഫ് കൊമേഴ്സ് ഇൻ ഇന്ത്യയുടെ 31ാമത് വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് 'യുഎസ്-ഇന്ത്യ പങ്കാളിത്തം : മുന്നോട്ട് കുതിക്കുന്നു ' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.പരസ്പര വളർച്ചയ്ക്കും സമൃദ്ധിക്കും വേണ്ടിയുള്ള വ്യാപാര നിക്ഷേപ ബന്ധങ്ങൾ ഇരു രാജ്യങ്ങളും കൂടുതൽ വൈവിധ്യവൽക്കരിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡനും പരസ്പരം മനസ്സിലാക്കുകയും ലോകമെമ്പാടുമുള്ള സങ്കീർണ്ണമായ ഭൗമരാഷ്ട്രീയ പ്രശ്നങ്ങൾക്ക് സുഗമമായി പരിഹാരം കാണുന്നതിന് ഒരുമിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നുവെന്നും മന്ത്രി പറഞ്ഞു. ഇന്ത്യയു.എസ് പങ്കാളിത്തത്തിന്റെ വീക്ഷണമായി പ്രധാനമന്ത്രി പ്രതിഭ, സാങ്കേതിക വിദ്യ, പാരമ്പര്യം, വ്യാപാരം, വിശ്വാസം എന്നിവ തിരിച്ചറിഞ്ഞിട്ടുണ്ടെന്നും കേന്ദ്രമ മന്ത്രി ഗോയൽ പരാമർശിച്ചു.കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഇന്ത്യയും യുഎസും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം ഏറ്റവും ഉയർന്നതാണെന്നും വരും വർഷങ്ങളിൽ ഇത് പലമടങ്ങ് വർധിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്നും 2030ഓടെ 2 ട്രില്യൺ യുഎസ് ഡോളറിന്റെ കയറ്റുമതി ലക്ഷ്യം കൈവരിക്കാനാകുമെന്നും മന്ത്രി പറഞ്ഞു.യുഎസിൽ പ്രവർത്തിക്കുന്ന നിരവധി ഇന്ത്യൻ കമ്പനികളുടെ ഉദാഹരണങ്ങൾ ശ്രീ പിയൂഷ് ഗോയൽ എടുത്തു പറഞ്ഞു. ഇരു രാജ്യങ്ങളുടെയും സമ്പദ്‌വ്യവസ്ഥയിൽ എത്രത്തോളം ഗണ്യമായ സംഭാവന അവ നൽകുന്നുവെന്ന് അദ്ദേഹം പറഞ്ഞു . ഈ വ്യാപാര ബന്ധങ്ങൾ ഇരു രാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. അടിസ്ഥാനപരമായ ബൃഹത് സാമ്പത്തിക മാനദണ്ഡങ്ങൾ , താങ്ങാനാവുന്ന തൊഴിൽ ചെലവുകൾ, ഉൾക്കൊള്ളുന്നതും സുസ്ഥിരവുമായ വികസനം,ബിസിനസ്സ് നടപടികളുടെ എളുപ്പം വർധിപ്പിക്കൽ എന്നിവയിൽ ശ്രദ്ധയൂന്നി അടുത്തിടെ നടപ്പാക്കിയ നയപരിഷ്കാരങ്ങൾ മൂലം , സമീപഭാവിയിൽ കൂടുതൽ യുഎസ് അധിഷ്ഠിത കോർപ്പറേറ്റുകൾ ഇന്ത്യൻ കമ്പനികളുമായി സഹകരിച്ച് പ്രവർത്തിക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.വ്യാപാര രംഗത്ത് പ്രതിരോധ ഉൽപ്പാദനം, ഫാർമസ്യൂട്ടിക്കൽസ്, ടെക്സ്റ്റൈൽസ്, എൻജിനീയറിങ് ഉൽപന്നങ്ങൾ, വാഹന ഘടകങ്ങൾ, ഇലക്ട്രിക്കൽ ഉൽപന്നങ്ങൾ, കാർഷിക ഉൽപന്നങ്ങൾ തുടങ്ങി വിവിധ മേഖലകളിൽ ഇരു രാജ്യങ്ങളിലെയും ബിസിനസുകൾക്ക് അടുത്ത ഘട്ടത്തിലേക്ക് വ്യാപിപ്പിക്കുന്നതിന് ഒരുമിച്ച് പ്രവർത്തിക്കാനാകുമെന്ന് മന്ത്രി പറഞ്ഞു. ഐ ടി, അക്കൗണ്ടിംഗ്, ബിസിനസ് പ്രോസസ് ഔട്ട്സോഴ്സിംഗ്, റിസർച്ച് & ഡെവലപ്മെന്റ്, ടൂറിസം മുതലായ സേവന മേഖലയിലെ സഹകരണവും വർധിപ്പിക്കാൻ ശ്രമിക്കണമെന്നും മന്ത്രി പറഞ്ഞു.ഇന്ത്യയും യുഎസും തമ്മിലുള്ള സമഗ്രവും തന്ത്രപരവുമായ പങ്കാളിത്തം മൂല്യങ്ങളുടെ ശക്തമായ അടിത്തറ, നിയമവാഴ്ചയോടുള്ള പ്രതിബദ്ധത, സുതാര്യത, ബിസിനസ്സ് സ്വാതന്ത്ര്യം, മാധ്യമ സ്വാതന്ത്ര്യം, സ്വതന്ത്ര ജുഡീഷ്യറി മുതലായവയെ അടിസ്ഥാനമാക്കിയുള്ളതാണെന്ന് മന്ത്രി പറഞ്ഞു.

# കേരള സർവ്വകലാശാല യൂണിയൻ യുവജനോത്സവത്തിന് ഇന്ന് തുടക്കം




**ആലപ്പുഴ:** കേരള സർവ്വകലാശാല യൂണിയൻ യുവജനോത്സവത്തിന് ഇന്ന് തുടക്കം. ഉച്ചകഴിഞ്ഞ് മൂന്നിന ' അമ്പലപ്പുഴ കെ.കെ. കുഞ്ചുപിള്ള മെമ്മോറിയൽ എച്ച്.എസ്.എസ്സിൽ നിന്നും ആരംഭിക്കുന്ന സാംസ്കാരിക ഘോഷയാത്രയോടെ കലോത്സവത്തിന് തുടക്കമാകും. തുടർന്ന് പ്രധാന വേദിയായ അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ വൈകിട്ട് നാലിന് ഫിഷറീസ് സാംസ്കാരിക യുവജനകാര്യ മന്ത്രി സജി ചെറിയാൻ കലോത്സവം ഉദ്ഘാടനം ചെയ്യും. കൃഷി മന്ത്രി പി. പ്രസാദ്, എ.എം. ആരിഫ് എം.പി. എന്നിവർ മുഖ്യാതിഥികളാകും. കേരള സർവ്വകലാശാല യൂണിയൻ ചെയർമാൻ എ. വിഷ്ണു അധ്യക്ഷത വഹിക്കും. ചലചിത്ര താരങ്ങളായ ടിനി ടോം, ആൻസൻ പോൾ എന്നിവർ വിശിഷ്ടാതിഥികളാകും. കേരള സർവ്വകലാശാല വൈസ് ചാൻസിലർ പ്രൊഫ. (ഡോ) മോഹൻ കുന്നുമ്മൽ മുഖ്യപ്രഭാഷണം നിർവഹിക്കും.മെയ് ഒമ്പത് വരെ എട്ട് വേദികളിലായി നടക്കുന്ന കലോത്സവത്തിൽ 117 ഇനങ്ങളിലായി അയ്യായിരത്തോളം വിദ്യാർത്ഥികൾ മത്സരിക്കും. ഉദ്ഘാടന ദിനമായ ഇന്ന് വൈകിട്ട് ആറിന് തിരുവാതിര, മോഹിനിയാട്ടം, കഥകളി, ഗസൽ തുടങ്ങിയ മത്സരങ്ങൾ അരങ്ങേറും. കലോത്സവം ഏകത്വയുടെ തീം സോങ്ങ് എ.എം. ആരിഫ് എം.പി. ജില്ല കളക്ടർ ഹരിത വി. കുമാറിന് നൽകി പ്രകാശനം ചെയ്തു. കലോത്സവങ്ങൾ നാടിന്റെ ഉത്സവമാണെന്നും ഇതിനെ വിജയിപ്പിക്കാനായി എല്ലാവരും കൂട്ടായി പ്രവർത്തിക്കണമെന്നും എം.പി. പറഞ്ഞു. എച്ച്. സലാം എം.എൽ.എ. രചിച്ച്, സിനിമ പിന്നണി ഗായകൻ കെ.എസ്. സുധീപ് കുമാർ പാടിയ തീം സോങ്ങിന്റെ സംഗീത സംവിധാനം നിർവഹിച്ചത് ജോസി ആലപ്പുഴയാണ്. കലോത്സവം വെബ്സൈറ്റിന്റെ പ്രകാശനം ജില്ല കളക്ടർ ഹരിത വി. കുമാർ നിർവഹിച്ചു. അമ്പലപ്പുഴ ഗവ.കോളേജിൽ നടന്ന ചടങ്ങിൽ എച്ച്. സലാം എം.എൽ.എ. അധ്യക്ഷത വഹിച്ചു. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാകേഷ്, പുറക്കാട് പഞ്ചായത്ത് പ്രസിഡന്റ് എസ്. സുദർശനൻ, അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് പ്രസിഡന്റ് ശോഭ ബാലൻ, ജില്ല പഞ്ചായത്തംഗം അനന്തു രമേശൻ, ജോസി ആലപ്പുഴ, അക്ഷയ്, സി. രാധാകൃഷ്ണൻ, തുടങ്ങിയവർ പങ്കെടുത്തു. അമ്പലപ്പുഴ ഗവൺമെന്റ് കോളേജാണ് കലോത്സവത്തിന്റെ പ്രധാന വേദി

# യുപിഐ വഴി ഫാസ്ടാഗിൽ ഓട്ടോ റീചാർജ് അവതരിപ്പിച്ച് ഐസിഐസിഐ ബാങ്ക്

**കൊച്ചി:** യൂണിഫൈഡ് പേയ്മെൻറ് ഇൻറർഫേസ് (യുപിഐ) വഴി ഫാസ്ടാഗ് ഓട്ടോ റീചാർജ് സൗകര്യം ഐസിഐസിഐ ബാങ്ക് അവതരിപ്പിച്ചു. ഉപയോക്താക്കൾക്ക് പൂർണ്ണമായും ഡിജിറ്റൽ രീതിയിൽ മുൻകൂട്ടി നിശ്ചയിച്ച ആവൃത്തിയിൽ ഓട്ടോമാറ്റിക്കായി ഫാസ്ടാഗ് റീചാർജ് ചെയ്യുന്നതിനുള്ള സൗകര്യമാണ് ഇതുവഴി ലഭ്യമാക്കുന്നതെന്ന് ഐസിഐസിഐ ബാങ്ക് ക്രെഡിറ്റ് കാർഡുകൾ, പേയ്മെൻറ് സൊല്യൂഷൻസ് ആന്റ് മർച്ചൻറ് ഇക്കോസിസ്റ്റം മേധാവി സുദീപ്ത റോയ് പറഞ്ഞു.ഇത് ഉപയോക്താക്കളുടെ ഫാസ്ടാഗ് അക്കൗണ്ടുകളിൽ മതിയായ പണമില്ലാത്ത സാഹചര്യം ഒഴിവാക്കി ടോൾ പ്ലാസകളിലെ ഫാസ്ടാഗ് പാതയിലൂടെ സുഗമമായി കടന്നുപോകാൻ സഹായിക്കും. യുപിഐ വഴി എളുപ്പത്തിൽ നിർദ്ദേശങ്ങൾ സജ്ജീകരിക്കുവാൻ ഉപയോക്താക്കൾക്ക് സാധിക്കും. ഒറ്റത്തവണ നിർദ്ദേശങ്ങൾ സജ്ജീകരിച്ചാൽ മതി. ഉപയോക്താക്കളുടെ സൗകര്യമനുസരിച്ച് വാഹനത്തിൽ ഉറപ്പിച്ചിരിക്കുന്ന ഫാസ്ടാടോ ഫാസ്ടാജ് വാലറ്റോ പ്രതിദിനമോ, പ്രതിവാരമോ, പ്രതിമാസമോ, ത്രൈമാസമോ ആയി ഓട്ടോ റീചാർജ് ക്രമീകരിക്കാം. യുപിഐ വഴി ഫാസ്ടാഗ് ഓട്ടോ റീചാർജ് സൗകര്യം ലഭ്യമാക്കുന്ന ആദ്യത്തെ ബാങ്കാണ് ഐസിഐസിഐ ബാങ്ക്. യുപിഐ ഉപയോഗിച്ചുള്ള ഓട്ടോ റീചാർജ് സൗകര്യം ഉപയോക്താക്കൾക്ക് കൂടുതൽ സൗകര്യം നൽകുമെന്നും സുദീപ്ത റോയ് പറഞ്ഞു.ഐസിഐസിഐ ബാങ്കിൻറെ ഫാസ്ടാഗ് കസ്റ്റമർ പോർട്ടലിലൂടെ വളരെ എളുപ്പത്തിൽ ഫാസ്ടാഗ് ഓട്ടോ റീചാർജ് സജ്ജീകരിക്കുവാൻ സാധിക്കും. ഇൻറർനെറ്റ് ബാങ്കിംഗ്, ഐമൊബൈൽ പേ ആപ്പ്, ഇൻസ്റ്റബിസ് ആപ്പ്, പോക്കറ്റ്സ് ആപ്പ് തുടങ്ങിയ ബാങ്കിൻറെ ഡിജിറ്റൽ ചാനലുകളിലൂടെയോ ബാങ്ക് ശാഖകൾ സന്ദർശിച്ചോ ഈ സംവിധാനം സജ്ജീകരിക്കാം. മറ്റു ബാങ്കുകളുടെ ഉപഭോക്താക്കൾക്ക് ബാങ്കിൻറെ വെബ്സൈറ്റ് വഴിയോ ടോൾ പ്ലാസകളിലെ ഐസിഐസിഐ ബാങ്കിൻറെ സെയിൽസ് ഓഫീസ് വഴിയോ ഫാസ്ടാഗ് വാങ്ങാം. യുപിഐ, നെഫ്റ്റ് പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ച് ഉപയോക്താക്കൾക്ക് ഫാസ്ടാഗിൽ ഓൺലൈനായി പണം റീലോഡ് ചെയ്യാൻ കഴിയുമെന്നും സുദീപ്ത റോയ് പറഞ്ഞു.

### ഇടപ്പള്ളി സെന്റ് ജോർജ്പള്ളി തിരുനാൾ

# കൊച്ചി മെട്രോ സർവ്വീസ് രാത്രി 11 മണി വരെ



**കൊച്ചി:** ഇടപ്പള്ളി സെന്റ് ജോർജ് ഫൊറോന പള്ളിയിൽ തിരുനാളിൽ പങ്കെടുക്കാനെത്തുന്നവർക്കായി കൊച്ചി മെട്രോ സർവ്വീസ് നീട്ടുന്നു. മെയ് 4 മുതൽ പതിനൊന്നാം തീയതി വരെയാണ് സർവ്വീസ് സമയം നീട്ടുക. ഈ ദിവസങ്ങളിൽ ഇടപ്പള്ളി മെട്രോ സ്റ്റേഷനിൽ നിന്ന് ആലുവയിലേക്കും എസ് എൻ ജംഗ്ഷനിലേക്കുമുള്ള അവസാന ട്രെയിൻ സർവ്വീസ് രാത്രി 11 മണിക്ക് ആയിരിക്കും. ടിക്കറ്റ് നിരക്കിൽ 50 ശതമാനം ഇളവ് ഉണ്ടായിരിക്കുന്നതാണ്. സെന്റ് ജോർജ് ഫൊറോന പള്ളി അധികാരികളിൽ നിന്നുള്ള അഭ്യർത്ഥന പരിഗണിച്ചാണ് തിരുനാളിനോടനുബന്ധിച്ച് കൊച്ചി മെട്രോ നീട്ടുന്നത്.

### കൊച്ചി വാട്ടർ മെട്രോ

# വൈറ്റില– കാക്കനാട് റൂട്ടിൽ കൂടുതൽ സർവ്വീസ് തുടങ്ങി



**കൊച്ചി:** വൈറ്റില-കാക്കനാട് റൂട്ടിൽ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുന്നത് കണക്കിലെടുത്ത് കൊച്ചി വാട്ടർ മെട്രോ സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നു. ഏപിൽ 27ന് ഈ റൂട്ടിൽ സർവ്വീസ് ആരംഭിച്ചപ്പോൾ പീക്ക് അവറുകളിൽ രാവിലെ 8 മുതൽ 11 മണി വരെയും വൈകിട്ട് നാല് മുതൽ 7 മണി വരെയുമായിരുന്നു സർവ്വീസ്. എന്നാൽ ഇന്നലെ മുതൽ ഈ റൂട്ടിൽ സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. സിവിൽ സ്റ്റേഷൻ ഭാഗത്തേക്കും ഇൻഫോപാർക്കിലേക്കും കാക്കനാട് വാട്ടർ മെട്രോ ടെർമിനലിൽ നിന്ന് ഫീഡർ ബസും ഫീഡർ ഓട്ടോയും ലഭ്യമാണ്.

### ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസ്

# ലോഗോയും ചിഹ്നവും ഇന്ന് പ്രകാശനം ചെയ്യും

**ന്യൂ ഡൽഹി:** ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസ് ന്റെ ലോഗോ, ചിഹ്നം, ജേഴ്സി, ഗാനം എന്നിവ ഇന്ന് പുറത്തിറക്കും കേന്ദ്ര യുവജനകാര്യകായിക മന്ത്രി അനുരാഗ് സിംഗ് ഠാക്കൂറും ഉത്തർ പ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥും ചേർന്നാണ് ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസ് 2022 ന്റെ ലോഗോ, ജേഴ്സി, ചിഹ്നം, ഗാനം എന്നിവ ലഖ്നൗവിൽ പ്രകാശനം ചെയ്യുന്നത്. യുവജനകാര്യ, കായിക സഹമന്ത്രി നിസിത് പ്രമാണിക്കും മറ്റ് വിശിഷ്ട വ്യക്തികളും ചടങ്ങിൽ പങ്കെടുക്കും.ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസിന്റെ മൂന്നാം പതിപ്പ് മെയ് 23 മുതൽ ജൂൺ 3 വരെ നടക്കും. മെയ് 25ന് ലഖ്നൗവിലെ ബാബു ബനാറസി ദാസ് സർവകലാശാലയിലാണ് ഉദ്ഘാടന ചടങ്ങ്.ഗെയിംസിൽ രാജ്യത്തുടനീളമുള്ള 200 ലധികം സർവകലാശാലകളിൽ നിന്നായി 4700ലധികം അത്‌ലറ്റുകൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു മൊത്തം പങ്കാളിത്തം 7000ലധികം ആയിരിക്കും.ഈ പതിപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള കായിക ഇനങ്ങളുടെ എണ്ണം 21 ആണ് .ഇത് യൂണിവേഴ്സിറ്റി ഗെയിംസിന്റെ ചരിത്രത്തിൽ ഏറ്റവും ഉയർന്ന സംഖ്യയാണ്. തുഴച്ചിൽ മത്സരവും ഈ പ്രാവശ്യം ആദ്യമായി സംഘടിപ്പിക്കുന്നുണ്ട് . ലഖ്നൗവിന് പുറമെ വാരാണസി, നോയിഡ, ഗോരഖ്പൂർ എന്നിവിടങ്ങളിലാണ് ഗെയിംസ് നടക്കുന്നത്. ന്യൂ ഡൽഹിയിലെ ഡോ. കർണി സിംഗ് ഷൂട്ടിംഗ് റേഞ്ചിലാണ് ഷൂട്ടിംഗ് മത്സരം സംഘടിപ്പിക്കുന്നത്. ഡിഡി സ്പോർട്സ്, ഒടിടി പ്ലാറ്റ്ഫോമുകളിലും ഗെയിംസ് തത്സമയം സംപ്രേക്ഷണം ചെയ്യും.

# ഗ്രൂപ്പ് പോസ്റ്റ് റിട്ടയർമെന്റ് മെഡിക്കൽ ബെനഫിറ്റ് സ്കീം അവതരിപ്പിച്ച് എൽഐസി

**കൊച്ചി:** അൻപതോ അതിൽ കൂടുതലോ ജീവനക്കാരുള്ള സ്ഥാപനങ്ങൾക്കു വേണ്ടി ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൽഐസി) പുതിയ ഗ്രൂപ്പ് പോസ്റ്റ് റിട്ടയർമെന്റ് മെഡിക്കൽ ബെനിഫിറ്റ് പദ്ധതി അവതരിപ്പിച്ചു. ഈ മാസം രണ്ടു മുതൽ ഇതു ലഭ്യമാണ്. ജീവനക്കാർക്ക് റിട്ടയർമെന്റ് കാല മെഡിക്കൽ ആനുകൂല്യങ്ങൾ നൽകേണ്ട ബാധ്യത നിറവേറ്റാൻ തൊഴിലുടമകൾക്ക് ഏറ്റവും അനുയോജ്യമായ ഇൻഷുറൻസ് പദ്ധതിയാണിത്. പോളിസി ഉടമകൾക്ക് ഉറപ്പായ ആനുകൂല്യങ്ങൾ നൽകുന്ന നോൺലിങ്ക്ഡ്, നോൺപാർട്ടിസിപ്പേറ്റിംഗ്, ലൈഫ്, ഗ്രൂപ്പ് സേവിങ്സ് ഇൻഷുറൻസ് ഉൽപ്പന്നമാണിത്. ഈ പദ്ധതിയിൽ ഓരോ അംഗത്തിനും ഒരു നിശ്ചിത ലൈഫ് കവർ ആനുകൂല്യം (സം അഷേർഡ്) ലഭിക്കുന്നു. എൽഐസിയുടെ പതിനൊന്ന് ഗ്രൂപ്പ് ഇൻഷുറൻസ് ഉൽപ്പന്നങ്ങളും ഒരു ഗ്രൂപ്പ് ആക്സിഡന്റ് ബെനിഫിറ്റ് റൈഡറും ഒരുമിച്ചു ചേർത്തതാണ് ഈ പുതിയ ഇൻഷുറൻസ് പദ്ധതി. ജീവനക്കാരുടെ റിട്ടയർമെന്റ് കാല ആനുകൂല്യത്തിനായി ഫണ്ട് നൽകാൻ തയ്യാറുള്ള സ്ഥാപനങ്ങൾക്കും തൊഴിലുടമകൾക്കും ആശ്രയിക്കാവുന്ന മികച്ച പദ്ധതിയാണിത്.

# ലൈഫ് ഗാർഡ്സ് നിയമനം

**കൊച്ചി:** 2023 ട്രോൾബാൻ കാലയളവിൽ (2023 ജൂൺ 9 അർദ്ധരാത്രി മുതൽ ജൂലൈ 31 അർദ്ധരാത്രി വരെ 52 ദിവസങ്ങൾ) ജില്ലയിലെ കടൽ രക്ഷാ പ്രവർത്തനങ്ങൾക്കായി ദിവസ വേതനാടിസ്ഥാനത്തിൽ ലൈഫ് ഗാർഡ്മാരെ നിയമിക്കുന്നതിന് ഫിഷറീസ് വകുപ്പ് അപേക്ഷ ക്ഷണിച്ചു. ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഡ് മത്സ്യത്തൊഴിലാളികൾ ആയിരിക്കണം, ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സിൽ പരിശീലനം പൂർത്തിയായവർ ആയിരിക്കണം, 20 വയസിനും 45 വയസിനും മദ്ധ്യേ പ്രായമുള്ളവർ ആയിരിക്കണം. പ്രതികൂല കാലവസ്ഥയിലും കടലിൽ നീന്താൻ ക്ഷമതയുള്ളവരായിരിക്കണം. ലൈഫ് ഗാർഡായി ജോലി ചെയ്തുള്ള പ്രവൃത്തി പരിചയമുള്ളവർക്കും അതത് ജില്ലയിൽ താമസിക്കുന്നവർക്കും 2018 ലെ പ്രളയരക്ഷാ പ്രവർത്തനങ്ങളിൽ പങ്കെടുത്തവർക്കും മുൻഗണന.താൽപര്യമുള്ളവർ പ്രായം, യോഗ്യത, മേൽവിലാസം എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം ഫിഷറീസ് സ്റ്റേഷൻ, അഴീക്കൽ.പി.ഒ, വൈപ്പിൻ കാര്യാലയത്തിൽ മെയ് 15ന് മുമ്പായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842502768.

### നോർക്ക യു.കെ കരിയർ ഫെയർ രണ്ടാം ഘട്ടം തുടങ്ങി

# നോർക്കയുടെ ലക്ഷ്യം ചൂഷണരഹിതമായ തൊഴിൽ കുടിയേറ്റം : പി.ശ്രീരാമകൃഷ്ണൻ

**കൊച്ചി:** ഇടനിലക്കാരില്ലാത്തതും, ചൂഷണരഹിതവുമായ തൊഴിൽ കുടിയേറ്റത്തിനാണ് നോർക്ക റൂട്ട്സ് നേതൃത്വം നൽകുന്നതെന്ന് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. കൊച്ചിയിലെ ഹോട്ടൽ താജ് ഗെയ്റ്റ് വേയിൽ നടക്കുന്ന നോർക്ക്യു.കെ കരിയർ ഫെയർ രണ്ടാംഘട്ടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. സുരക്ഷിതവും വ്യവസ്ഥാപിതവും ഗുണനിലവാരവുമുള്ള തൃമായ തൊഴിൽ കുടിയേറ്റം പ്രോത്സാഹിപ്പിക്കുകയാണ് നോർക്ക റൂട്ട്സിന്റെ ലക്ഷ്യം. ഉന്നതവിദ്യാഭ്യാസം നേടിയ യുവതീയുവാക്കൾക്ക് ലോകത്തെവിടെയും തൊഴിലവസരം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളാണ് നോർക്കയുടെ ഭാഗമായി പുരോഗമിക്കുന്നത്. യു.കെ യുള്ള നിരന്തരബന്ധത്തിന്റെ പുതിയ ചുവടുവെയ്പ്പാണ് കരിയർ ഫെയറെന്നും ശ്രീരാമകൃഷ്ണൻ പറഞ്ഞു. തൊഴിലന്വേഷകർ, തൊഴിൽദാതാക്കൾ സർക്കാർ സംവിധാനം എന്നിങ്ങനെ അന്താരാഷ്ട്ര തൊഴിൽ കുടിയേറ്റത്തിന്റെ വിവിധ തലങ്ങളിലെ സംവിധാനങ്ങളെയെല്ലാം ഒറ്റകുടക്കീഴിൽ എത്തിക്കുന്നതും ചെലവു കുറഞ്ഞതും ഗുണമേന്മയുള്ളതുമായ തൊഴിൽ കുടിയേറ്റത്തിന് സാഹചര്യമൊരുക്കുന്നതുമാണ്നോർക്ക റൂട്ട്സിന്റെ നടത്തുന്ന റിക്രൂട്ട്മെന്റുകളെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച് സി.ഇ.ഒ കെ ഹരികൃഷ്ണൻ നമ്പൂതിരി അഭിപ്രായപ്പെട്ടു. ഇടനിലക്കാരില്ലാത്തതിനാൽ ചെലവുകുറഞ്ഞതും, ഗുണമേന്മയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കുമെന്ന സാഹചര്യം കണക്കിലെടുത്താണ് നോർക്ക റൂട്ട്സിനെയും കേരളത്തേയും തിരഞ്ഞെടുത്തതെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നിർവ്വഹിച്ച യു.കെ യിലെ ആരോഗ്യ സാമൂഹികക്ഷേമ മന്ത്രാലയത്തിലെ, അന്താരാഷ്ട്ര വർക്ക്ഫോഴ്സ് മേധാവി ഡേവ് ഹെവാർത്ത് പറഞ്ഞു. ചടങ്ങിൽ നാവിഗോ ഡെപ്യൂട്ടി ചീഫ് മൈക്ക് റീവ്, ഹമ്പർ ആന്റ് നോർത്ത് യോക്ക്ഷെയർ പ്രതിനിധി നിഗേൽ വെൽസ്, വെയിൽസ് ആരോഗ്യ വകുപ്പ് മേധാവി ഇയാൻ ഓവൻ, നോർക്ക റിക്രൂട്ട്മെന്റ് മാനേജർ ശ്യാം ടി.കെ എന്നിവർ സംസാരിച്ചു. ആരോഗ്യമേഖലയിലെ പ്രൊഫഷണലുകൾക്കായുള്ള നോർക്ക യു.കെ കരിയർ ഫെയറിന്റെ ആദ്യദിനത്തിൽ സൈക്രാട്രി, അനസ്തീഷ്യ, ജനറൽ മെഡിസിൻ സ്പെഷ്യാലിറ്റികളിലേയ്ക്കുള്ള ഡോക്ടർമാർ, വിവിധ സ്പെഷ്യാലിറ്റികളിലേയ്ക്കുള്ള നഴ്സുമാർ എന്നിവരുടെ അഭിമുഖമാണ് നടന്നത്. OET UK score ഉള്ള നഴ്സുമാർക്കും ജഏയ്ക്ക് ശേഷം 4 വർഷത്തെ പ്രവർത്തിപരിചയവും OET/IELTS യോഗ്യതയുള്ള ഡോക്ടർമാർക്കും സ്പോട്ട് രജിസ്ട്രേഷന് അവസരമുണ്ട്.




## കാർഷിക സംരംഭങ്ങൾ തുടങ്ങാൻ അവസരം

### സംരംഭങ്ങൾ തുടങ്ങാൻ ആശയങ്ങൾ ഉള്ളവരെ സഹായിക്കാനായി ഡി.പി.ആർ. ക്ലിനിക്ക് നടത്തുന്നു

**ആലപ്പുഴ:**ചേർത്തല നിയോജക മണ്ഡലത്തിൽ നടക്കുന്ന 'കരപ്പുറം കൃഷിക്കാഴ്ച' പരിപാടിയോടനുബന്ധിച്ച് കൃഷി, അനുബന്ധ മേഖലകളിൽ സ്വന്തമായോ കൂട്ടായോ സംരംഭങ്ങൾ തുടങ്ങാൻ ആശയങ്ങൾ ഉള്ളവരെ സഹായിക്കാനായി ഡി.പി.ആർ. ക്ലിനിക്ക് നടത്തുന്നു. വരുമാന വർദ്ധനവിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കാർഷിക ഉത്പാദനം കൂട്ടുന്നതിനും വേണ്ടി നൂതനമായതും പ്രായോഗികമായതുമായ പദ്ധതി ആശയങ്ങളുള്ള കർഷകർ, കർഷക ഗ്രൂപ്പുകൾ, പ്രാഥമിക സഹകരണ ബാങ്കുകൾ, പി.എ.സി.എസ്. തുടങ്ങിയവർക്ക് ബന്ധപ്പെട്ട കൃഷി ഭവനുമായോ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുമായോ ആത്മ പ്രൊജക്റ്റ് ഡയറക്ടറേറ്റുമായോ ബന്ധപ്പെടണം. ഇത്തരത്തിലുള്ളവരെ ഉൾപ്പെടുത്തി നടത്തുന്ന ഡി.പി.ആർ. ക്ലിനിക്കിൽ അതത് മേഖലയിലെ വിദഗ്ധരുമായി ബന്ധപ്പെടുന്നതിനും ബാങ്കുകളിൽ സമർപ്പിക്കുന്നതിനുമായുള്ള വിശദമായ പദ്ധതി രേഖ (ഡീറ്റൈൽഡ് പ്രൊജക്റ്റ് റിപ്പോർട്ട്) സൗജന്യമായി തയ്യാറാക്കി നൽകും. താത്പര്യമുള്ളവർ മെയ് 10നകം ബന്ധപ്പെട്ട കൃഷി ഓഫീസിൽ പ്രോജക്റ്റുകൾ സമർപ്പിക്കണം. ഫോൺ: 0477 2962961

## ആസ്റ്റർ മെഡ്സിറ്റി സർജിക്കൽ റോബോട്ടിക് എക്സ്പോ ഇന്ന് സമാപിക്കും




**കൊച്ചി:**റോബോട്ടിക് ശാസ്ത്രക്രിയയിൽ കേരളത്തിലെ മുൻനിരക്കാരായ കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിൽ കഴിഞ്ഞ രണ്ടു ദിവസമായി നടന്നുവരുന്ന റോബോട്ടിക് സർജിക്കൽ എക്സ്പോ ഇന്ന് സമാപിക്കും രാവിലെ 9. 30 മണി മുതൽ രാത്രി 7 മണി വരെ നീണ്ടുനിൽക്കുന്ന എക്സ്പോയിൽ വിദ്യാർത്ഥികൾ, പൊതുജനങ്ങൾ ഉൾപ്പടെയുള്ളവർക്ക് പ്രദർശനം സൗജന്യമാണ്.യൂറോളജി, ഗൈനക്കോളജി, ഗ്യാസ്ട്രോഇന്റസ്റ്റൈനൽ സർജറി, ലിവർ സർജറി, ഓങ്കോ സർജറി തുടങ്ങിയ വിഭാഗങ്ങളിലെ മിനിമൽ ആക്സസ് റോബോട്ടിക് സർജറികളിൽ വൈദഗ്ധ്യമുള്ള മെഡ്സിറ്റി അത്യാധുനിക ഡാവിഞ്ചി റോബോട്ടിക് സർജിക്കൽ സംവിധാനമാണ് എക്സ്പോയുടെ ഭാഗമായി സജ്ജീകരിച്ചിരിക്കുന്നത്.റോബോട്ടിൽ ഡോക്ടർമാർ ശസ്ത്രക്രിയ നിർവ്വഹിക്കുന്ന രീതി നേരിട്ട് കണ്ടും, പ്രവർത്തിപ്പിച്ചും പരിശീലനം നേടാനും, പൊതുജനങ്ങൾക്ക് സാധിക്കും.മനുഷ്യനിർദ്ദേശമനുസരിച്ചും, സ്വയം മനസ്സിലാക്കിയും പ്രവർത്തിക്കുന്ന നിർമ്മിതബുദ്ധിയിലൂടെ വ്യക്തികളെ തിരിച്ചറിയാൻ സാധിക്കുന്ന റോറോ റോബോട്ടുകളും വരുംകാലങ്ങളിൽ മനുഷ്യ സേവനത്തിന് പകരമായി ഉപയോഗിക്കാൻ സാധിക്കുന്ന റോബോട്ടുകൾ വരെ ഈ പ്രദർശനത്തിലുൾപ്പെടും.റോബോട്ടുകളുടെ നിർമ്മാണ രംഗത്ത് ശ്രദ്ധേയരായ, റോട്ടെക്ക്, ദി അക്കാദമി ഓഫ് എ ഐ, റോബോട്ടിക്സ് ആന്റ് കോഡിങ്ങ്സ് ആണ് വിവിധ റോബോട്ടുകളുടെ പ്രദർശനം ഒരുക്കുന്നത്.


